Vol. 19. No. 10.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസപത്രിക.

October 1921.

# വിഷയ വിവരണിക.


| | | പേജ്. |
|---|---|---|
| 1. | മംഗളം. | 209 |
| | ശ്രീമാൻ കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള. | |
| 2. | ജപമാലഭക്തി. | 0 |
| | റവ. ഫാദർ സൈമൺ സി. ഡി. | |
| 3. | ഒരു ധ്യാനഗുരുവിൻെറ നിർവ്വാണം. | 211 |
| 4. | എൻെറ പ്രാർത്ഥന. (പദ്യം) | 214 |
| | വി. റി. തോമ്മസ് പാലാ. | |
| 5. | കർമ്മലമാതാവിൻെറ കപ്പിത്തലാന്തരീയം. | 215 |
| | റവ. ഫാദർ ഗ്രിഗോറി സി. ഡി. | |
| 6. | നവീകരണമോ നശീകരണമോ? | 217 |
| | ശ്രീമാൻ കെ. ഇ. ജോസഫ് ബി. ഏ. | |
| 7. | കാവൽമാലാഖാമാർ. റവ. ഫാദർ മർസ്സലിൻ സി. ഡി. | 219 |
| 8. | കത്തോലിക്കാ സാഹിത്യപ്രചാരമാർഗ്ഗങ്ങൾ. | 221 |
| | ശ്രീമാൻ വക്കീൽ കെ. ഏ. പേരര. | |
| 9. | അശൌചം അഥവാ ദൈവത്തിൻെറ വഴികൾ. | 223 |
| | ബ്രഹ്മശ്രീ മററത്തിൽ കുര്യൻകത്തനാർ. | |
| 10. | ശ്രീമൂലം അട്ടത്തിരുനാൾ മംഗളം. (പദ്യം) | 225 |
| | നമ്മുടെ യുവകവികൾ. | |
| 11. | തിരുഹൃദയ പൊതുനിയോഗം. | 226 |
| 12. | കുറിപ്പുകളും വർത്തമാനങ്ങളും. | 227 |
| 13. | പഞ്ചാംഗം. പരസ്യങ്ങൾ. | 228 |



## സോളൊമോൻെറ സുഭാഷിതങ്ങൾ.

കു. നി. ബ്ര. സ. ബ. മാണിക്കത്തനാർ അവർകൾ രചിച്ച ഒരു പദ്യകൃതി.

വില അണ 3.

നി. വ. ദിവ്യശ്രീ കോട്ടയം മെത്രാനച്ചൻ തിരുമനസ്സിലെ ആശീർവ്വാദം.

(ഇംഗ്ലീഷ് എഴുത്തിൻെറ തർജ്ജമ.)

മ്ശി. സ. പ്രി. ബ. അച്ചാ,

അച്ചൻ മലയാള പദ്യത്തിൽ രചിച്ചിട്ടുള്ള "സോളൊമോൻെറ സുഭാഷിതങ്ങൾ" എന്ന ചെറുപുസ്തകം കിട്ടി. ഈ ദാനത്തെപ്പററി അച്ചനോടു നന്ദിപറയുന്നു. അച്ചൻെറ കൃതി ഞാൻ വളരെ മതിക്കുന്നു. ഈ ചെറുപുസ്തകം നമ്മുടെ വിദ്യാലയങ്ങളിലും നമ്മുടെ വീടുകളിലും വായിക്കയും പഠിക്കയും ചെയ്തുകാണ്മാൻ ആഗ്രഹിക്കയും ചെയ്യുന്നു. പുസ്തകത്തിനു ധാരാളം പ്രചാരമുണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നു. അച്ചനേയും അച്ചൻെറ പുസ്തകത്തെയും ആശീർവ്വദിച്ചുകൊണ്ടു വിരമിക്കുന്നു. മ്ശിഹായിൽ ശുശ്രൂഷി

† Alexander
Bishop V. Ap. of Kottayam.



ശ്രീമൂലം തിരുനാൾ സർ രാമവൎമ്മമഹാരാജാ
തിരുമനസ്സിലെ ആട്ടത്തിരുനാൾ.

1097 കന്നി 22.

# കർമ്മല കുസുമം.

പുസ്തകം ൧൯. ൧൯൨൧ ഒക്ടോബർ. ലക്കം ൧൦.

## മംഗളം.

നേരായ് നിൻപദമാശ്രയിച്ച പരമശ്രീ ഡൊമ്മിനീക്കോസിനായ്
പേരാളും ജപമാല നൽകിയ ദയാവാരാശി കന്യാമണേ,
പാരാകെപ്പുകഴും വിശുദ്ധ മറിയേ നിൻദാസനായീടുമെൻ
ഘോരാതങ്കമകന്നിടുംപടി കടക്കണ്ണൊന്നയക്കേണമേ.

കട്ടക്കയത്തിൽ ചെറിയാൻമാപ്പിള.

# ജപമാല ഭക്തി.



"ആധുനിക കാലത്തുള്ള തിന്മകൾക്കെല്ലാം ജപമാല വഴിയായി നാം പ്രതിവിധി തേടേണ്ടിയിരിക്കുന്നു" എന്നാണ് പരിശുദ്ധ പിതാവു പതിമൂന്നാം ലെയോൻ മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് ജപമാലഭക്തിയെക്കുറിച്ചു അരുളിച്ചെയ്തിരിക്കുന്നത്. ആകയാൽ അവിടുന്നു തുലാമാസം മുഴുവൻ ഈ ഭക്തിക്കായി പ്രതിഷ്ഠിക്കയും നിരവധി ദണ്ഡവിമോചനങ്ങൾ ജപമാല പ്രാർത്ഥനക്കു കല്പിച്ചു നിശ്ചയിക്കയും ചെയ്തു. ഈ മാസത്തിൽ പരസ്യമായ ജപമാല പ്രാർത്ഥനയിൽ സംബന്ധിച്ചു പരിശുദ്ധ പിതാവിന്റെ നിയോഗപ്രകാരം അപേക്ഷിക്കുമ്പോഴൊക്കെയും ൭ വർഷത്തെയും ൭ മണ്ഡലത്തെയും ദണ്ഡവിമോചനം നിശ്ചയിച്ചിട്ടുണ്ട്. ന്യായമായ അപ്രാപ്തി നിമിത്തമാണെങ്കിൽ തനിച്ചെത്തിച്ചാലും ഈ ദണ്ഡവിമോചനം പ്രാപിക്കാവുന്നതാണ്. പത്തുപ്രാവശ്യം ഇപ്രകാരം കൂട്ടമായിട്ടോ തനിച്ചോ ഈ ജപം ചൊല്ലി കുമ്പസാരിച്ചു ദിവ്യകാരുണ്യമുൾക്കൊള്ളുന്നവർക്കു പൂർണ്ണദണ്ഡവിമോചനവും കല്പിച്ചിരിക്കുന്നു.

ദൈവജനനി വിശുദ്ധ ദൊമ്മിനീക്കോസിനോടു അരുളിച്ചെയ്തതാവതു്:– "എന്റെ ആനന്ദത്തെ ഞാൻ നിക്ഷേപിച്ചിരിക്കുന്ന കിരീടമാകുന്നു ജപമാല. അതിനെ സർവ്വത്ര പരത്തുക; പാപികൾ അതിനാൽ മാനസാന്തരപ്പെടും; നീതിമാന്മാർ അതുവഴിയായി പുണ്യത്തിൽ സ്ഥിരമായിനിന്നു മോക്ഷഭാഗ്യം പ്രാപിക്കും" ആകയാൽ "ദിവ്യകാരുണ്യം ഈശോയുടെ മരണ ശാസനമായിരുന്നതുപോലെ, ജപമാല മറിയത്തിന്റെ അന്ത്യശാസനമായിരിക്കുന്നു" എന്നു് ഫാദർ ഫാബർട്ട് എന്ന ദേഹം എഴുതിയിരിക്കുന്നതു, എത്രയും ന്യായത്തോടുകൂടെയെന്നു സമ്മതിക്കണം.

ഐർലണ്ടിന്റെ നേതാവായിരുന്ന ഒക്കോണലിനെപ്പററി അദ്ദേഹത്തിന്റെ

ചരിത്രകാരൻ ഒരു സംഭവം പ്രസ്താവിച്ചിട്ടുണ്ടു. തന്റെ ജന്മരാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനു അസ്പദമായ ഒരു ബില്ലു പാർലിയമെന്റിൽ ഒടുവിലത്തെ വാദത്തിനു എടുത്തിരിക്കയായിരുന്നു. ഗവർമ്മെണ്ടു കക്ഷി ജയിക്കുമെന്നുള്ള വിധമായപ്പോൾ ഏതു ഭാഗം വാദിക്കുന്നതിലേക്കു എല്ലാവരും ഒക്കോണലിനെ നോക്കിത്തുടങ്ങി. കാണുന്നില്ല. അന്വേഷിച്ചുചെല്ലുകയിൽ സഭാമന്ദിരത്തിന്റെ വരാന്തയിൽ നടന്നു ഭക്തിപൂർവം ജപമാല എത്തിക്കുന്നു. വേഗം വരുന്നതിന്നു കൂട്ടർ വിളിച്ചപ്പോൾ "തുടങ്ങിയ ജപമാല അവസാനിപ്പിച്ചിട്ടു ഞാൻ വരാം. വാഗ്വിലാസം നിറഞ്ഞ പ്രസംഗങ്ങളേക്കാൾ ഐർലണ്ടിന്റെ സ്വാതന്ത്ര്യത്തിനുപകരിക്കുന്ന ഒരു കൃത്യമാണു് ഞാനിപ്പോൾ ചെയ്യുന്നതു്" എന്നാണെദ്ദേഹം മറുപടി പറഞ്ഞതു്.

ലെയ്യൂൺ എന്ന വന്ദ്യദേഹത്തിന്റെ വചനങ്ങൾ പ്രത്യേകം സ്മരണീയങ്ങളാണു്. "നിന്റെ മരണസമയത്തു പരിശുദ്ധ കന്യക നിന്റെ ആത്മത്തെ സ്വീകരിച്ചു തന്റെ തിരുക്കുമാരന്റെ കൈകളിൽ സമർപ്പിക്കുന്നതിന്നായി എഴുന്നള്ളിവരും. 'നന്മനിറഞ്ഞ മറിയമേ, നിനക്കു സ്വസ്തി' എന്നു അനേകം പ്രാവശ്യം അഭിവാദ്യം ചെയ്തു എന്നെ നീ ആനന്ദിപ്പിച്ചു; ആകയാൽ ഞാനും നിന്നോടുകൂടെ സന്തോഷിക്കേണ്ടിയിരിക്കുന്നു; നിന്റെ കർത്താവിന്റെ സന്തോഷത്തിലേക്കു നീ പ്രവേശിക്കുക...... നിന്റെ മരണനേരത്തു നിനക്കുവേണ്ടി ഞാൻ അപേക്ഷിക്കണമെന്നു എത്ര പ്രാവശ്യം നീ എന്നോടു പ്രാർത്ഥിച്ചു; ഇതാ നീയിപ്പോൾ ആ നാഴികയടുത്തുവരുന്നതിനാൽ അതിനായി ഞാൻ വന്നിരിക്കുന്നു. എന്നെ ബഹുമാനിച്ചു മഹത്വപ്പെടുത്തുന്നതിലേക്കു നീ ജപിച്ച ആ ജപമാലകൾക്കു പ്രതിഫലമായി ഒരിക്കലും നശിക്കാത്ത മഹത്വത്തിന്റെ കിരീടം നിന്റെ ശിരസ്സിൽ വയ്ക്കുന്നതിന്നു എന്റെ പുത്രനോടു ഞാൻ പ്രാർത്ഥിക്കാം" എന്നിങ്ങനെ മന്ദസ്മിതപൂർവ്വം ദൈവജനനി അരുളിച്ചെയ്യും.

ജപമാലഭക്തിയിൽ ഈ മാസത്തിൽ പൂർവ്വാധികം വർദ്ധിക്കുന്നതിലേക്കു ഈ ചിന്തകൾ നമുക്കുപയോഗപ്പെടാതിരിക്കയില്ല.

ഫാദർ സൈമൺ സി. ഡി.

---

## എന്താണെന്നു ചോദിക്കുന്നോ?

"കർമ്മലകുസുമഗ്രന്ഥാവലി" എന്നുവച്ചാൽ എന്താണെന്നാണു ഇപ്പോഴും ചിലർ ചോദിക്കുന്നതു്. ഒരു ഗ്രന്ഥാവലി അയച്ചുകൊടുപ്പാനും ചിലർ എഴുതുന്നുണ്ടു്. അതിനാൽ ഈ വകക്കാര്യങ്ങളിൽ നമുക്കുള്ള പരിചയം അത്രയ്ക്കൊക്കെയേ ആയിട്ടുള്ളുവെന്നു തെളിവാകുന്നു. അതിനാൽ 'ഗ്രന്ഥാവലി' എന്നു വച്ചാൽ എന്താണെന്നു മുതൽ ചുവടേ തുടങ്ങണം. കത്തോലിക്കരും അകത്തോലിക്കരുമായ ആളുകൾക്കു സത്യവേദസംബന്ധമായ കാര്യങ്ങളെപ്പററിയുള്ള ശരിയായ അറിവു കൊടുക്കുന്നതിലേക്കു ചുരുങ്ങിയ വിലയ്ക്കു ചില ചെറിയപുസ്തകങ്ങൾ കുസുമപ്രവർത്തകന്മാർ പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിട്ടുണ്ടു്. ആ ഗ്രന്ഥശേഖരത്തിനാണു് 'കുസുമഗ്രന്ഥാവലി' എന്നു പറയുന്നതു്. (൧) ഫാദർ ബെർണ്ണാർഡ് സി. ഡി. അവർകളുടെ "യാക്കോബായസഭ." (൨) ഫാദർ സൈമൺ സി. ഡി. രചിച്ച "ദേവമാതാവിന്റെ വണക്കമാസപ്പാട്ടുകൾ" (തീർന്നുപോയി) (൩) ഫാദർ തോമ്മസ് മണ്ണഞ്ചേരി എഴുതിയ "പ്രോട്ടസ്റ്റന്റുമതവും വേദപുസ്തകവും" (൪) "ഭാരതഹൃദയം" എന്ന പേരിൽ സി. അന്തപ്പായി അവർകൾ ഭാഷാന്തരംചെയ്തു ഗ്രഡിയർ മെത്രാപ്പോലീത്താ തിരുമനസ്സിലെ മദ്ധ്യൻകോൺഗ്രസ് പ്രസംഗം. (൫) ഫാദർ പഞ്ഞിക്കാരൻ എം. ഏ. യുടെ "അർമേനികളും വേദപ്രചാരവും" (൬) കെ. അയ്യപ്പൻ ബി. ഏ. എഴുതിയിട്ടുള്ള "ഹിന്ദുമതം" എന്നിങ്ങനെ ആറുപുസ്തകങ്ങൾ ഇതേവരെ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. കെ. ഇ. ജോബ് അവർകളുടെവക "കത്തോലിക്കസഭ" എന്ന ഏഴാം നമ്പർ അടുത്ത മാസത്തിൽ പുറപ്പെടും. ഓരോ പുസ്തകത്തിനും രണ്ടുചക്രം മാത്രമേ വിലയുള്ളു. ഒരു രൂപായിക്കു ൧൬ പുസ്തകം കിട്ടും. അഞ്ചൽക്കൂലി ഇതിനു പുറമേ കൊടുക്കണം. ഒരുരൂപാ മുമ്പേറയച്ചുതന്നാൽ ആ വിലയ്ക്കുള്ള പുസ്തകങ്ങൾ ഓരോ നമ്പരിൽനിന്നു ഓരോന്നു പ്രസിദ്ധപ്പെടുത്തിയാലുടൻ അയച്ചുതരും. ഇതാണു "കർമ്മലകുസുമഗ്രന്ഥാവലി" വാങ്ങി വായിച്ചുനോക്കുമ്പോൾ ഇനി കൂടുതൽ വിവരങ്ങളറിയാം.

മാനേജർ, കർമ്മലകുസുമം, മാന്നാനം.

# ഒരു ധ്യാനഗുരുവിൻെറ നിൎയ്യാണം.

ചങ്ങനാശേരി മിസ്സത്തിലുള്ള കുറവിലങ്ങാട്ടുഫൊറോനായിൽപ്പെട്ട ബ. വൈദികരുടെ ഇക്കൊല്ലത്തെ ജ്ഞാനധ്യാനം സെപ്റ്റംബർ ൧൧-ാംനു- ഞായറാഴ്ച കുറവിലങ്ങാട്ടു പള്ളിയിൽ ആരംഭിച്ചു. ക. നി. മൂ. സ. തിരുഹൃദയത്തിൻെറ ബ. പ്രദരീക്കോസച്ചൻ അവർകളായിരുന്നു അവിടത്തെ ധ്യാനഗുരു. പള്ളിയിൽനിന്നു ഏകദേശം ഒരു ഫർലോങ്ങു ദൂരത്തിലായി കർമ്മലീത്താ കന്യാസ്ത്രീകളുടെ മഠം സ്ഥിതി ചെയ്യുന്നു. പ്രതിവത്സരമുള്ള അവരുടെ ധ്യാനവും ഈ രീതിയിൽതന്നേ ആരംഭിച്ച് അദ്ദേഹം അവിടെച്ചെന്നു നടത്തി വന്നിരുന്നു.

നാലാംദിവസം ബുധനാഴ്ച മരണത്തെക്കുറിച്ചുള്ള ധ്യാനമായി. അതു കന്നിമാസം ൧൪-ാംനു- വിശുദ്ധ കുരിശിൻെറ പുകഴ്ച്ചയുടെ തിരുനാൾദിവസമായിരുന്നു. കർമ്മലീത്താ സഭക്കാൎക്കു ഈ ദിവസം ഒരു അസാധാരണ ദിവസമാണ്. ആണ്ടുതോറും സന്ന്യാസികൾക്കു ആഘോഷമായ വ്രതനവീകരണത്തിന്നായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന രണ്ടു ദിവസങ്ങളിൽ ഒന്നു ഇതാകുന്നു. ധ്യാനഗുരുവിൻെറ അന്നത്തെ പുറമേയുള്ള ഒരുക്കങ്ങളിൽനിന്നു തന്നെ പ്രസ്തുത ദിനത്തിനു എന്തോ വിശേഷതയുണ്ടെന്നു ധ്യാനക്കാരായ ബ. വൈദികന്മാൎക്കെല്ലാം ബോദ്ധ്യപ്പെടുകയുണ്ടായി. മരണത്തെ സംബന്ധിച്ചുള്ള കാലത്തെ ധ്യാനപ്രസംഗത്തിൽ അതു മുഴുവൻ പ്രത്യക്ഷപ്പെട്ടു. അത്രയ്ക്കു എരിവും തീക്ഷ്ണതയും അദ്ദേഹത്തിൻെറ വാക്കുകളിൽ വിളങ്ങിയിരുന്നു. മരിച്ചു കിടക്കുന്ന ഒരു വൈദികനെ നിങ്ങളുടെ കൺമുമ്പാകെ കാണുന്നതായി വിചാരിച്ചുകൊണ്ടു ഈ ധ്യാനം കഴിക്കണമെന്നും മറ്റും അദ്ദേഹം ശക്തിയായിഉപദേശിച്ചു. അനന്തരം കന്യകാമഠത്തിൽപ്പോയി ദിവ്യപൂജ അൎപ്പിച്ച ശേഷം മേല്പറഞ്ഞതുപോലെ തന്നേ ഹൃദയസ്പൎശകമായ വിധത്തിൽ മരണത്തെക്കുറിച്ചുള്ള ധ്യാനം അവിടെയും നടത്തി. മരിച്ചുകിടക്കുന്ന ഒരു സന്ന്യാസിയെ മനസ്സുകൊണ്ടു രൂപീകരിച്ചുകൊള്ളുന്നതിനാണു അവരോടുപദേശിച്ചതു്. ദൈവസ്നേഹ പാരവശ്യം കൊണ്ടെന്നല്ലേ പറയേണ്ടു, ധ്യാനസമയം അവിടെ കുറേ കടന്നുപോയതു അദ്ദേഹം അറിഞ്ഞില്ല. കടശി മണി നോക്കിയപ്പോഴാണ് അച്ചന്മാരുടെ രണ്ടാമത്തെ ധ്യാനത്തിന്നുള്ള നേരം കഴിഞ്ഞിരുന്നതായി കാണപ്പെട്ടതു്. ഉടനെ പുറപ്പെട്ടു ത്വരിതമായി നടന്നു പള്ളിയിലെത്തി. നേരെ വികാരിയച്ചൻെറ മുറിയിൽച്ചെന്നു സമയം ചോദിച്ചു വാച്ചു ശരിപ്പെടുത്തിക്കൊണ്ടു നില്ക്കയിൽ പതിവിലെന്യേ ശക്തിയായി കിതച്ചുകൊണ്ടു ശ്വാസം വലിക്കുന്നതു കണ്ടപ്പോൾ കാരണമെന്താണെന്നു വികാരിയച്ചൻ ചോദിച്ചു. പതിവുള്ള ഹൃദ്രോഗം നിമിത്തമാണെന്നു പറഞ്ഞു വേഗത്തിൽ അദ്ദേഹം ഒരു കസേരയിൽ കയറി ഇരുന്നു. വികാരിയച്ചൻ എന്തോ എഴുതിക്കൊണ്ടിരിക്കയായിരുന്നു. യദൃച്ഛയായിപെട്ടന്നു നോക്കിയപ്പോൾ ധ്യാനഗുരു ഇരുന്ന ഇരുപ്പിൽ ഈശോ എന്ന തിരുനാമം ഉച്ചരിച്ചുകൊണ്ടു കുനിഞ്ഞുപോകുന്നതായി അദ്ദേഹം കാണ്മാനിടയായി. ചെന്നു താങ്ങിപ്പിടിച്ചുകൊണ്ടു അച്ചന്മാൎക്കെല്ലാം അറിവു കൊടുത്തു. ധ്യാനക്കാരായ അച്ചന്മാരെല്ലാവരും ബോധരഹിതനായിരിക്കുന്ന ധ്യാനഗുരുവിൻെറ ചുറ്റും വന്നുകൂടി. ചിലർ ദോഷം പോക്കി, ചിലർ ബന്ധവിമോചനങ്ങൾ നല്കി. തലേദിവസം എവിടെയോ അന്ത്യകൂദാശകൾ കൊടുക്കുന്നതിനായിക്കൊണ്ടുപോയശേഷം തിരികെക്കൊണ്ടുവന്നു വികാരിയച്ചൻെറ മുറിയിൽതന്നേ വച്ചിരുന്ന ഒപ്പുശ്ശാപ്പെട്ടിയെടുത്തു തൽക്ഷണം അന്ത്യലേപനവും കഴിച്ചു. അതു കഴിഞ്ഞപ്പോൾ തല ഉയൎത്തി ഒരു ദീൎഘശ്വാസം വിട്ടു വീണ്ടും തല തഴ്ത്തി. അതു അന്ത്യശ്വാസമായിരുന്നു. അതേ, അവരുടെ ധ്യാനഗുരു, മരണത്തെക്കുറിച്ചുള്ള മാതൃകാപാഠം അവൎക്കു കാണിച്ചുകൊടുത്തുകൊണ്ടു, പാവനമായ തൻെറ ആത്മാവിനെ സ്രഷ്ടാവിങ്കൽ കയ്യാളിച്ചു.

നേരം ഒൻപതു മണി കഴിഞ്ഞിരു

*

ന്നു. അതിശീഘ്രത്തിൽ മരണവർത്തമാനം അവിടങ്ങളിലെല്ലാം പരന്നു. അനവധിയാളുകൾ പൂജ്യനായ ഈ ദേഹത്തെ കാണുന്നതിനായി വന്നുകൂടി. പള്ളിമുറിയിൽ ഒരു പ്രധാന സ്ഥലത്തു മൃതശരീരം എടുത്തു ആഘോഷപൂർവ്വം സ്ഥാപിച്ചു. വേണ്ടപ്പെട്ട പല സ്ഥലങ്ങളിലേക്കും വികാരിയച്ചൻ തന്നെ അറിവു കൊടുക്കുകയുണ്ടായി. പതിനൊന്നരമണി കഴിഞ്ഞപ്പോൾ മാന്നാനത്തറിവു കിട്ടി. ആറു മണിക്കു മുമ്പായി ഇവിടെ നിന്നു അച്ചന്മാർ കുറവിലങ്ങാട്ടെത്തി. മുത്തോലി ആശ്രമത്തിൽ നിന്നു അച്ചന്മാർ വന്നുചേർന്നതു രാത്രിയാണ്. ബന്ധുമിത്രങ്ങളാദിയായി പാലാ മുതലായ സ്ഥലങ്ങളിൽ നിന്നു പലർ വെളുത്തപ്പോഴേയ്ക്കും വന്നെത്തി. ഇതിനിടയ്ക്കു മൃതശരീരം എവിടെ സംസ്കരിക്കണമെന്നുള്ള കാര്യത്തെപ്പറ്റി വാദമായിത്തുടങ്ങി. മാതൃഭവനമായ മാന്നാനത്തുതന്നെ അടക്കണമെന്നു ചിലർ അഭിപ്രായപ്പെട്ടു. കർമ്മലീത്താ സഭവകയായി കുറവിലങ്ങാട്ടടുത്തു കുര്യനാട്ടിൽ ആരംഭിച്ചിട്ടുള്ള താൽക്കാലികഭവനത്തിൽ ഇദ്ദേഹം താമസിച്ചിരുന്നതിനാലും, അതിന്റെ അടിസ്ഥാനക്കല്ലെന്നപോലെ അദ്ദേഹത്തിന്റെ മൃതശരീരം അവിടെ സ്ഥാപിക്കുന്നതു സർവ്വഥാ ന്യായാനുസൃതവും ഫലപ്രദവുമാകയാലും, അങ്ങനെ ചെയ്യേണ്ടതാണെന്നു മറ്റു ചിലർ വാദിച്ചു. കുറവിലങ്ങാട്ടുപള്ളി സുറിയാനിക്കാരുടെ മെത്രാന്മാർ തുടങ്ങി പല മഹാത്മാക്കളേയും അടക്കിയിട്ടുള്ള സ്ഥലമാണെന്നും, തങ്ങൾക്കായി വേലചെയ്തിരുന്നു കാലം ചെയ്ത ഈ വന്ദ്യദേഹത്തെ തങ്ങളുടെ പള്ളിയിൽ തന്നെ സംസ്കരിക്കേണ്ടതാണെന്നും ഇടവകക്കാരായ മഹത്തുക്കളും ആവശ്യപ്പെട്ടു. പെ. ബ. പ്രിയോർ ജനറാളച്ചന്റെ കല്പന വന്നിട്ടു കാര്യം തീർച്ചപ്പെടുത്തുന്നതിനായി എല്ലാവരും കാത്തിരുന്നു. അനന്തരം ധ്യാനക്കാരായ ബ. അച്ചന്മാർ മുമ്മൂന്നുപേരായി രാത്രി മുഴുവൻ പ്രേതമഞ്ചത്തിങ്കൽ മാറിമാറി ഇടവിടാതെ പ്രാർത്ഥിച്ചിരുന്നുവെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമായിരിക്കുന്നു.

കുര്യനാട്ടു കപ്പേളയിൽ തന്നെ മൃതശരീരം സ്ഥാപിക്കുന്നതിലേക്കുള്ള പ്രിയോർ ജനറാളച്ചന്റെ തീർച്ച ഇതിനിടകൊണ്ടു വന്നുചേർന്നതിനാൽ കുറവിലങ്ങാട്ടുകാർക്കുണ്ടായ ഇച്ഛാഭംഗം അനല്പമായിരുന്നെന്നേ പറയേണ്ടതുള്ളു. അതുവരെ ഓടിക്കൂടിയിരുന്ന ജനക്കൂട്ടത്തിന്റെ വരവു ഇതോടുകൂടെ നിലച്ചുപോയെന്നു പറയാം. കാലത്തെ ബ. വൈദികരെല്ലാവരും തങ്ങളുടെ ധ്യാനഗുരുവിനുവേണ്ടി ദിവ്യപൂജ അർപ്പിച്ചു. അനന്തരം ആറരമണിയോടെ പാലായിടവക കിഴക്കേക്കര ബ. നൈനാനച്ചൻ റാസ പാടി. അതിന്റെശേഷം മുരിക്കൻ ബ. തോമ്മാച്ചൻ തങ്ങളുടെ ധ്യാനഗുരുവിനോടു ഉപകാരസ്മരണയും അന്ത്യയാത്രയും പറയുന്നതായിട്ടും മറ്റും ചെയ്ത ഒരു പ്രസംഗം സാക്ഷാൽ സന്ദർഭോചിതമായിരുന്നെന്നു ആരും സമ്മതിക്കും. പ്രസംഗാനന്തരം കുര്യനാട്ടേക്കുള്ള യാത്രയായി. കുറവിലങ്ങാട്ടുപള്ളിവക കുരിശു, കുട മുതലായി സകല സാമാനങ്ങളോടും മുപ്പതിൽപ്പരം വൈദികരോടും അനവധി പുരുഷാരത്തോടും കൂടിയുള്ള ഈ അന്ത്യയാത്ര വഴിയിലേക്കിറങ്ങിയപ്പോഴാണ് അതു തങ്ങളുടെ എളിയ സ്ഥിതിക്കു അനുരൂപമല്ലാത്ത വിധത്തിൽ അത്ര ആഡംബരമായിരിക്കുന്നല്ലോ എന്നു സന്യാസിപട്ടക്കാർ ഗ്രഹിച്ചതു്. അതിനാൽ രണ്ടു നാഴികയോളം ദീർഘിക്കുന്ന ഈ വലിയ യാത്രയ്ക്കു എല്ലാവരും ബുദ്ധിമുട്ടേണ്ടതില്ലെന്നുള്ള അവരുടെ അപേക്ഷയനുസരിച്ചു ഏതാനും പള്ളിസാമാനങ്ങളും, ധ്യാനക്കാരായ ചില വൈദികരും മടങ്ങിപ്പോകേണ്ടതായി വന്നു. വഴിനീളെ ഒപ്പീസുമുതലായ പ്രാർത്ഥനാഗീതങ്ങൾ ചൊല്ലിക്കൊണ്ടു ഏകദേശം പത്തരമണിയോടേ എല്ലാവരും കുര്യനാട്ടുകപ്പേളയിൽ എത്തി. കപ്പേളയും സമീപസ്ഥലങ്ങളുമെല്ലാം ജനാവലികൊണ്ടു നിറഞ്ഞു. ക. നി. മൂ. സ. പ്രിയോർ ജനറാളച്ചനവർകളുടെ പ്രതിനിധിയായി ശവസംസ്കാരകർമ്മം നടത്തുന്നതിലേക്കു അയക്കപ്പെട്ടിരുന്ന ദഫ്നിത്തോർ ജനറാൾ പെ. ബ. സിൽവസ്ത്രാസച്ചൻ അവർകൾ സുവസ്സ്കുർബാന പാടിയശേഷം സംസ്കാരകർമ്മങ്ങൾ ആരംഭിച്ചു. അതിനിടയ്ക്കു കുറവില

ങ്ങാട്ടു ഫൊറോനാ വികാരി വെച്ചിയാനിക്കൽ പെ. ബ. യൌസേപ്പച്ചനവർകൾ ചെയ്ത പ്രസംഗം അത്യന്തം ഭക്തിജനകവും ഉപയോഗപ്രദവുമായിരുന്നു. അനന്തരം കൈമുത്തലും കഴിഞ്ഞശേഷം ശവസംസ്കാരം നടത്തി. ഇങ്ങനെ മരണത്തെക്കുറിച്ചുള്ള അന്നത്തെ ധ്യാനം അവസാനിപ്പിച്ചു.

പരേതനായ ഈ വന്ദ്യദേഹം പാലാ ഇടവകയിൽ കൊട്ടുക്കുന്നേൽ എന്ന പുരാതന ഭക്ത കുടുംബത്തിൽ ൧൦൩൩ മകരം ൧൮-ാംനു-യാണ് ജനിച്ചതു്. ആകയാൽ മരിക്കയിൽ അദ്ദേഹത്തിനു സന്നവയസ്സു പ്രായമായിരുന്നു. പതിന്നാലു വയസ്സിൽ കർമ്മലീത്താ സഭയിൽ പ്രവേശിച്ചു്, സഭയുടെ പ്രസിദ്ധ നവസന്യാസഗുരുവായ ഫാദർ ലേയോപ്പോൾഡ് ബെക്കാറോയുടെ കീഴിൽ ദീഘകാലത്തേക്കു ക്രമമായി നവസന്യാസ ഭവനത്തിൽ സന്യാസജീവിതക്രമവും പുണ്യപൂൎണ്ണതാമാൎഗ്ഗങ്ങളും അഭ്യസിച്ചിട്ടു ൨൪ വയസ്സിൽ ഗുരുപ്പട്ടം കൈക്കൊണ്ടശേഷം, ഇപ്പോൾ നാല്പതു വഷത്തിനുമേൽ, സഭയുടെ അഭ്യുന്നതിക്കും, ദൈവമഹത്വപ്രചാരത്തിനും, ആത്മാവുകളുടെ നിത്യരക്ഷയ്ക്കും വേണ്ടി ഈ ദേഹം ചെയ്തിട്ടുള്ള നിരന്തരവും അക്ഷീണവുമായ ശ്രമങ്ങൾ ഇത്രയെന്നു പറഞ്ഞറിയിപ്പാൻ സാധിക്കുന്നതല്ല. ആരെയും ഒരു സംഗതിയിലും വിഷമിപ്പിക്കാതെയും, എന്നാൽ ന്യായമായ കാൎയ്യങ്ങളിൽ ആക്കും ഒന്നിലും വിട്ടുകൊടുക്കാതെയും, വിശാലഹൃദയത്തോടുകൂടിയുള്ള ആ പെരുമാററസമ്പ്രദായം എല്ലാവരെയും അദ്ദേഹത്തിലേക്കു ആകഷിച്ചിരുന്നു. ദൈവശുശ്രൂഷ സംബന്ധമായ കാൎയ്യങ്ങളിൽ ആരംഭംമുതൽ അദ്ദേഹത്തിനുണ്ടായിരുന്ന അനന്യസാധാരണമായ ശുഷ്കാന്തിക്കു പ്രായാധിക്യംകൊണ്ടു കൂടുതലല്ലാതെ കുറവു ഭവിക്കയുണ്ടായിട്ടില്ലെന്നു ആശ്ചൎയ്യസമേതം പലരും പ്രസ്താവിക്കാറുണ്ടു്. കാസരോഗബാധിതനായിരുന്ന ഇദ്ദേഹത്തിനു, ഈ വാർദ്ധക്യകാലത്തുപോലും ജ്ഞാനധ്യാനങ്ങൾക്കും മററും എവിടെയും പോകുന്നതിനു ഒരു മടുപ്പുമുണ്ടായിട്ടില്ലെന്നു തന്നെയല്ല, ആറു മണിമുതൽ പതിനൊന്നര മണിയോളം ഇടമുറിയാതെ കുമ്പസാരക്കൂട്ടിലിരുന്നു പാപപ്രകാരണം കേട്ടശേഷം, ഉച്ചയോടുകൂടെ ചെന്നു കുബ്ബാന ചെല്ലുന്ന ആ സാധാരണ നടപ്പുകൂടെയും വിട്ടുവിടുകയുണ്ടായിട്ടില്ല. ഭക്ഷണം ഉടുപ്പു് എന്നികാൎയ്യങ്ങളിൽ പ്രദരിക്കോസച്ചൻ തൂപ്പിക്കേടു കാണിച്ചതായി ഒരിക്കലും കണ്ടിട്ടില്ലെന്നു സഭമുഴവനുമുള്ള ഒരു സംസാരമാണ്. കീറിക്കണ്ടംവച്ച വസ്ത്രവും ധരിച്ചു വലിയ അവസരങ്ങളിൽപ്പോലും പ്രത്യക്ഷപ്പെടുന്നതിനു അദ്ദേഹത്തിൻെറ അനഹങ്കാരസ്വഭാവം ഒരിക്കലും വിസമ്മതിച്ചിരുന്നില്ല. അദ്ദേഹത്തിൻെറ ചെറുപ്പകാലത്തു ഇംഗ്ലീഷ് പഠനം നാട്ടിൽവന്നു കയറുകയുണ്ടായില്ലെങ്കിലും, പിന്നീടു സ്വന്ത പരിശ്രമത്താൽ പ്രസ്തുത ഭാഷയിലും, അതുപോലെതന്നെ ലാററിൻ ഇററാല്യൻ എന്ന വിദേശ ഭാഷകളിലുമുള്ള ഏതു പുസ്തകവും വായിച്ചു ഗ്രഹിക്കത്തക്കവണ്ണമുള്ള ഭാഷാ പരിജ്ഞാനം അദ്ദേഹം സമ്പാദിച്ചിരുന്നു. ഇടവിടാതെയുള്ള വായന ഹേതുവായിട്ടു ഒരു കണ്ണിൻെറ കാഴ്ച മിക്കവാറും നഷ്ടീഭവിച്ചതാണ്. എന്നിട്ടും "പുസ്തകവായന കൂടാതെ എങ്ങനെ നേരം ചിലവഴിക്കും" എന്നു പറഞ്ഞുകൊണ്ടു അല്പം ഒഴിവുകിട്ടുന്ന നേരങ്ങളെല്ലാം വായനക്കായി വിനിയോഗിച്ചിരുന്നു. സന്യാസക്രമാനുഷ്ഠാന വിഷയത്തിൽ അവസാന മണിക്കൂർവരെ അദ്ദേഹം ഏവക്കും ഒരുത്തമ ദപ്പണമായിരുന്നു. ഇനിയും ഒരു തൽക്കാലഭവനമായിട്ടു മാത്രമിരിക്കുന്ന കുഴ്നാട്ടു് മുറസ്സുള്ള സഭാക്രമങ്ങൾ നടപ്പിൽ വരുത്തിയിട്ടില്ലെങ്കിലും, വ്യവസ്ഥാപിതമായ ഒരു സന്യാസാശ്രമത്തിലെ അനുഷ്ഠാനങ്ങളെല്ലാം കടുകിട തെററിക്കാതെ അദ്ദേഹം അവിടെയും നടത്തിവന്നു.

ഏതാദൃശമായ ജീവിതനിഷ്ഠയും വിവേകാദി സൽഗുണങ്ങളും നിമിത്തം സഭയിലുള്ള എല്ലാ പ്രധാന ജോലികൾക്കും അദ്ദേഹം നിയമിക്കപ്പെടുകയും സ്തുത്യർഹമായ വിധത്തിൽ അതുകളെല്ലാം അദ്ദേഹം നിർവഹിക്കയുമുണ്ടായിട്ടുണ്ടു്. സഭയുടെ പ്രധാന പഠനഗൃഹമായി ശോഭിക്കുന്ന മംഗലാപുരം വിദ്യാൎത്ഥിഭവനത്തിൻെറ അടിസ്ഥാനക്കാരൻ ഇദ്ദേഹമല്ലാ

തെ വേറാരുമല്ല. ഇരുപതിനുമേൽ വർഷങ്ങൾക്കു മുമ്പു മംഗലാപുരത്തേക്കു തീവണ്ടിപോലും നടപ്പായിട്ടില്ലായിരുന്ന അക്കാലത്തു കുറേ അധികം വഴി കാൽനടയായിട്ടുതന്നെ നടന്നാണ് അദ്ദേഹം ആദ്യം അവിടെ എത്തിയതും, അയ്യൂത്തി ദലഗാദപ്പസ്തോലിക്കാ തിരുമനസ്സിലെ ആജ്ഞാനുസരണം ഈശോസഭക്കാർ തന്ന സ്ഥലം നോക്കിവാങ്ങി ആസ്ഥമാക്കിയശേഷം തിരികെ വന്നു ശെമ്മാശ്ശന്മാരെയും കൊണ്ടു കപ്പൽ വഴിക്കു അവിടെയെത്തി പഠനഗൃഹം ആരംഭിച്ചതും. മോൺസിഞ്ഞോർ പഗാനി, കവദീനി, പെരീനി എന്ന മംഗലാപുരം മെത്രാന്മാരും, ഫാദർ റോസി, ഫ്റക്കേത്തി, ല്യനാസ്സി, ദിയമാന്തി, സാനി, സനേത്തി ആദിയായ ഈശോസഭക്കാരച്ചന്മാരും ഫാദർ പ്രഡറിക്കിനെ ഒരസാധാരണ മനുഷ്യനായി മതിച്ചു സ്നേഹിച്ചുവന്നിരുന്നു.

ആശ്രമശ്രേഷ്ഠനായിട്ടും പൊതുശ്രേഷ്ഠാലോചനക്കാരൻ എന്ന നിലയിലും ഇദ്ദേഹത്തിന്റെ മേല്പറഞ്ഞ ഗുണങ്ങളെല്ലാം ധാരാളം പ്രത്യക്ഷപ്പെടാൻ ഇടയായിട്ടുള്ളതാണ്. സഭയുടെ പ്രിയോർജനറാളിന്റെ ദലഗാത്തായിട്ടു ഏതാനും കൊല്ലങ്ങൾ ഇദ്ദേഹം സഭയെ ഭരിക്കയുമുണ്ടായിട്ടുണ്ട്. ഇക്കഴിഞ്ഞ മൂന്നു വർഷം പൊതുശ്രേഷ്ഠാലോചനക്കാരനായി ജോലി നോക്കിയശേഷം ഇയ്യാണ്ടാരംഭത്തിൽ ഉദ്യോഗമൊഴിഞ്ഞു കുഴ്നാട്ടു താമസിച്ചുകൊണ്ടു അവിടെ തുടങ്ങിയിരിക്കുന്ന ആശ്രമം വകയ്ക്കുള്ള കാര്യങ്ങൾ അന്വേഷിച്ചുവരികയിലാണ് കുറവിലങ്ങാട്ടേക്കു ധ്യാനത്തിനു പോയതും മേല്പറഞ്ഞവിധം ധ്യാനഗുരുവായിട്ടിരുന്ന തന്റെ അന്ത്യശ്വാസം വലിച്ചതും. ദീർഘകാലത്തെ നിരന്തരമായ വേലയുടെശേഷം കൂലി വാങ്ങിക്കുന്നതിനായിപ്പോയ ഈ വന്ദ്യദേഹത്തിന്റെ വിയോഗത്തെപ്പററി സഹതപിക്കേണ്ടതില്ലെങ്കിലും, കർമ്മലീത്താ സഭയുടെ ഉന്നതനായ ഒരു പിതാവും, അതിന്റെ ശക്തിമത്തായ ഒരു തൂണും നഷ്ടീഭവിച്ചെന്നു പറയാതെ ഗത്യന്തരമില്ല. ഏതായാലും ധ്യാനക്കാരായ ബ. അച്ചന്മാരും, വിശിഷ്യ കുറവിലങ്ങാട്ടുപള്ളിയുടെ വികാരി പെ. ബ. യൗസേപ്പച്ചനവർകളും ഈ അവസരത്തിൽ പ്രദർശിപ്പിച്ച സ്നേഹതാല്പര്യങ്ങൾ കൃതജ്ഞതാപൂർവ്വം സഭയിൽ എന്നും അനുസ്മരിക്കപ്പെടുന്നതാണ്. പരേതനായ ഈ ദേഹത്തിന്റെ നിത്യശാന്തിക്കായി വിശ്വാസികളേവരും പ്രാർത്ഥിപ്പാറാകണം.

R. I. P.

## എന്റെ പ്രാർത്ഥന.

പരാർത്ഥ്യവേദപ്പൊരുളേ! പരാപരൻ
പുരാപിറന്നുള്ള പവിത്രപാത്രമേ!
പരാതിപാരം പറയുന്ന പാപിയാ
മൊരാശ്രിതൻ ഞാനലിവാർന്നുകേൾക്കനീ.

ഇരസ്സു ദൂര ത്തുദരാർത്തിയാററുവാൻ
തിരഞ്ഞുചുററും ചെറുപക്ഷിപോലെയും
ഇരുട്ടറക്കുള്ളിൽ വെളിച്ചമാഗ്രഹി
ച്ചിരുന്നിടും ബാലകനെന്നപോലെയും.

മരിച്ചമർത്ത്യസ്ഥിതി തേടിടുന്നൊരാ
വരിഷ്ഠനാം സാത്വികനെന്നപോലെയും
ശരിക്കുകായൽക്കനിനോക്കി വഞ്ചിയിൽ
ചരിച്ചിടും മുക്കവനെന്നപോലെയും.

പുരാണയോഗീശ്വരരും നമിക്കുമെൻ
നിരാമയേ! നിൻതിരുമേനി കാണുവാൻ
ഒരാശയേറുന്ന മദീയമാനസേ
മരുൽപ്പുരത്തേപ്പെട്ടപാപിപോലവേ

തപസ്സുമൂവാണ്ടിനു മുമ്പു തൊട്ടുഞാൻ
തവപ്രഭാവേ പതിവായ്ത്തുടങ്ങിനേൻ
സ്വപക്ഷമീഷൽക്കഫലിച്ചതില്ലഹോ
സുപക്ഷിവീച്ചാൽ കരതാരിലാകുമോ.

പരത്തിൽവാഴും തവനാമമോതിഞാ
നിഹത്തിൽ നിന്നിന്നു വിളിപ്പതൊക്കയും
ശരിക്കു കേൾപ്പാൻ തവശബ്ദശോധനി
കരത്തിലിപ്പോഴുമിരിപ്പതില്ലയോ?

കനത്തപീഡാമയമായ കീൎത്തനം
പുനശ്ച ഞാൻ പാടിയ ശുദ്ധവായുവിൽ
അനച്ചമാറാതെയുയൎന്നു പിന്നിനു-
മനക്കമേകുന്നു ശ്രുവിപ്പതില്ലനീ.

തനിച്ചു ഞാൻ പാടിയ താപകീൎത്തനം
പനിക്കു പററാത്ത മരുന്നുപോലവേ
എനിക്കു തോന്നാൻ വഴിയെന്തുനിഷ്ഠയിൽ
ജനിച്ചുവോ ഞാനറിയാതെ തെററുകൾ.

പഠിപ്പുപാരാം പുതുബുക്കുനോക്കിയി
പ്പുതംഗവിദ്യാൎത്ഥികൾ പാപമററവർ
പരംപണിപ്പെട്ടവരെത്തുടൎന്നു ഞാൻ
പരന്നലോകസ്ഥിതി പാഠമാക്കിനേൻ.

അഴിഞ്ഞുപോം പാരിതിലുള്ളതൊക്കയും
പൊഴിഞ്ഞൊരാലിപ്പഴമെന്നപോലവേ
കഴിഞ്ഞിടും മൎത്ത്യനുമെന്നതത്വമു-
ള്ളഴിഞ്ഞു പാടുന്നിതു പക്ഷിസഞ്ചയം.

കളത്രപുത്രാദിവശാലുദിച്ചിടും
കളങ്കമാളുന്ന ജനങ്ങളാരുമേ
കളസ്വനത്താൽ പുതുതത്വമോൎത്തിടാ
കളത്തിലേറാക്കളയെന്നപോലവേ.

നിതാന്തമോദത്തൊടു നീഡജങ്ങളു-
മതാപൊഴിപ്പൂ പുതുഗാനധോരണി
ഹിതാലയേ! നിൻ വരവാക്യയാലവർ
കൃതാൎത്ഥഭാവം തെളിയിപ്പതല്ലയോ?

കുതിച്ചുചാടും പുതുതോയരാശിയേ
ക്കൊതിച്ചുപായുന്നൊരു മത്സ്യമെന്നപോൽ
മതിപ്രിയത്തോടു തവാഗമത്തിനാ
യതിപ്രയത്നം തുടരേണ്ടതുത്തുപോയ്

അതല്ലയെങ്കിൽപുഴകണ്ട പോത്തുപോൽ
പതഞ്ഞുപോകും നുരകണ്ട മീനുപോൽ
ഗദത്തെ മാററുന്ന മരുന്നു രോഗിപോൽ
വ്രതത്തെ വിട്ടെൻ മനമിന്നു തുള്ളുമോ.

അടച്ചുകാറാകെയൊഴിച്ചുവാനിനേ
തുടച്ചു തൂവെള്ളയടിച്ചു മെല്ലവേ
സ്ഫുടപ്രതാപേന വിളങ്ങിടുന്നതാ
കടക്കഗാത്രസ്ഥിരറുകണക്കു ചന്ദ്രനും

ഇളംകുളിർ കാററിളകുന്നു മന്ദമാ
യിളക്കമിമ്പം പരമേകി ഭംഗിയിൽ
ഇളംതളിർ കൊമ്പുകളാട്ടി മെല്ലവേ
യിളക്കിയീശസ്തുതി ചെയ്വു ഭൂരുഹം.

പകൽക്കുശേഷം പണിയൊക്കെനിൎത്തിയി
ട്ടുറക്കമാണെന്നൊരു കൈതവത്തിനാൽ
വണങ്ങിടുന്നു പരലോകരാജ്ഞി നിൻ
പദത്തിലേകാഗ്രതയോടു ജീവികൾ.

ഇതിപ്പുരം രമ്യതയാൎന്ന രാത്രിയിൽ
മതിപ്രമോദാൽ ഭുവനത്തിലേകദാ
സ്തുതിച്ചുമേരീ തവമേനിദൎശനം
കൊതിച്ചു ഞാനിങ്ങനെ വാണിടുന്നയേ.

ഇന്നാളെൻ വ്രതമസ്തമിച്ചു സകലം
സാധിച്ചുസംതൃപ്തനായ്
വന്നാലും വിമലാശയേ മറിയമേ
മോദിച്ചുനീയന്തികേ
തന്നാലും വിഷയേ ചരവിട്ടുവരവിൽ
സംസാരമാമാഴിമേ-
ലൊന്നാലും വിഷമിച്ചിടാതെ മറുതീ
രത്തെത്തുവാൻ സദാരം.

ഇക്കാണുന്ന ചരാചരങ്ങളഖിലം
നീണ്ടിങ്ങുനിയെന്നത-
ല്ലൽക്കാമ്പിൽ കൊതിയില്ലിനിക്കിതുകളിൽ
തെല്ലും മറക്കാതലേ
നൽക്കാരുണ്യമിവങ്കലിന്നുകരുതി
ക്കാത്തീടുമോക്ഷാബ്ധിയിൽ
തൽക്കാലം മുഴകട്ടെ പോട്ടെ ദുരിതം
സാക്ഷാൽ ജനക്ഷേമദേ!

വി. ററി. തോമ്മസ്സ് പാലാ.

# കൎമ്മലമാതാവിന്റെ കപിലോത്തരിയം.

വിവിധോത്തരീയങ്ങളിൽ വച്ചു പൂൎവ്വികത്വവും പ്രചാരവുംകൊണ്ടു പ്രഥമസ്ഥാനത്തെ അൎഹിക്കുന്നതു കൎമ്മല ഉത്തരീയമാണ്. ഈ ഉത്തരീയം കൎമ്മലസഭാ സന്യാസികൾ ക്രിസ്ത്വാബ്ദം നാലാം ശതകത്തിൽപോലും ധരിച്ചിരുന്നതായി ചരിത്ര ലക്ഷ്യങ്ങളുണ്ട്. എങ്കിലും ഇപ്പോഴത്തെ സ്ഥിതിയിലുള്ള ഈ ഉത്തരീയത്തിന്റെ ഉത്ഭവം ൧൩-ാം ശതാബ്ദത്തിലാകുന്നു. ഇതിന്റെ വിസ്മയനീയമായ പ്രചാരത്തിന്നുള്ള മുഖ്യ കാരണം പരിശുദ്ധ ദേവമാതാവിൽനിന്നുതന്നെ ഉണ്ടായിട്ടുള്ള ര

ണ്ടു അമൂല്യ വാഗ്ദാനങ്ങളാകുന്നു. ഇവയിൽ ആദ്യത്തേതു ഇംഗ്ലണ്ടിൽ കേംബ്രിഡ്ജ് പട്ടണത്തിൽവച്ച് ൧൨൫൧ കർക്കടകം ൧൬-ാംനു-യത്രേ സംഭവിച്ചതു്. എങ്ങിനെയെന്നാൽ, അന്നു കർമ്മല സഭയുടെ പൊതുശ്രേഷ്ഠനായി ശോഭിച്ചിരുന്ന വി. ശെമോൻസ്റ്റോക്ക് എന്ന ദേഹം, വളരെ വിഷമതകളും ഞെരുക്കങ്ങളുമുണ്ടായിരുന്ന ആ കാലഘട്ടത്തിൽ, തന്നെയും തൻെറ സഭയേയും കാത്തുപരിപാലിക്കണമെന്നു് തൻെറ സഭയുടെ അലങ്കാരമായ കർമ്മലനാഥയെ നോക്കി അശ്രുധാരകളോടുകൂടെ അപേക്ഷിക്കയിൽ പരിശുദ്ധ ദൈവജനനി കരങ്ങളിൽ ഒരു കപിലോത്തരീയം പിടിച്ചുകൊണ്ടു് തൻെറ തിരുക്കുമാരനോടുകൂടെ അദ്ദേഹത്തിന്നു പ്രത്യക്ഷയായി, "എൻെറ വാത്സല്യ മകനേ! നിൻെറ സഭയുടെ ഈ ഉത്തരീയത്തെ നീ സ്വീകരിക്കുക. ഇതു നിനക്കും കർമ്മല സഭക്കാരേവർക്കും വേണ്ടി ഞാൻ അപേക്ഷിച്ചു പ്രാപിച്ചിരിക്കുന്ന ദൈവവരത്തിൻെറ ഒരു പ്രത്യേക അടയാളമാകുന്നു. ഈ ഉത്തരീയത്തെ ധരിച്ചുകൊണ്ടു മരിക്കുന്നവരിലാരും നിത്യാഗ്നിയിൽ വീഴുകയില്ല. ഇതു രക്ഷയുടെ ചിഹ്നവും, ആപത്തുകളിൽ സങ്കേതവും, പ്രത്യേക സമാധാനാദരവുകളുടെ അച്ചാരവുമാകുന്നു" എന്നു അരുളിച്ചെയ്തു.

എന്നാൽ ഇത്ര മഹത്തായ ഒരു വാഗ്ദാനംകൊണ്ടു് തൻെറ സീമയററ മാതൃസ്നേഹത്തിന്നു പൂർണ്ണ തൃപ്തി വന്നില്ലായെന്നു തോന്നുമാറു്, ഈ കർമ്മലനാഥ ൭൦ വത്സരങ്ങളുടെശേഷം രണ്ടാമത്തെ ഒരു വാഗ്ദാനംകൂടെ ചെയ്വാൻ തിരുമനസ്സായി. അതെങ്ങിനെയെന്നാൽ, ൧൩൨൨ മാർച്ച് ൩-ാംനു-യിലെ ഒരു പാപ്പൈക തിരുവെഴുത്തിൽ പറയപ്പെട്ടിരിക്കുംവണ്ണം, പരി. ദൈവജനനി കർമ്മല സഭാവസ്ത്രധാരണിയായി ൨൨-ാമത്തെ യോഹന്നാൻമാർപ്പാപ്പാക്കു പ്രത്യക്ഷയായി "കർമ്മലസഭയുടെയോ ഉത്തരീയ സഖ്യത്തിൻെറയൊ അംഗമായ ഒരാൾ മരിച്ചു ശുദ്ധീകരണസ്ഥലത്തേക്കു അയക്കപ്പെടുന്നതായാൽ, നിർയ്യാണാനന്തരം പാടുപോലെ വേഗത്തിൽ, പ്രത്യേകം അടുത്ത ശനിയാഴ്ച ദിവസം, അയാളുടെ ആത്മാവു് കർമ്മലനാഥയായ തൻെറ പ്രത്യേക മാദ്ധ്യസ്ഥംമൂലം അവിടെനിന്നും വിമോചിക്കപ്പെട്ടു സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതിന്നിടവരും" എന്നുള്ളതും 'ശനിയാഴ്ചവരം' (Privilegium Sabbatinum) എന്ന അഭിധാനത്തിൽ സാധാരണ അറിയപ്പെട്ടിരിക്കുന്നതുമായ ആ അസാമാന്യ വരത്തേയും വാഗ്ദാനം ചെയ്തു.

നരകാഗ്നിയിൽ വീഴാതിരിപ്പാൻ സഹായിക്കുമെന്നും, ശുദ്ധീകരണസ്ഥലത്തിൽനിന്നു ശീഘ്രത്തിൽ വിമോചിക്കപ്പെടുമെന്നുമുള്ള പരിശുദ്ധ കന്യകയുടെ ഈ ഇരു അമൂല്യ വാഗ്ദാനങ്ങൾ ഹേതുവായിട്ടാകുന്നു, ആദിമകാലം മുതൽ ഇതൽക്കാലപര്യന്തം അനേക മാർപ്പാപ്പാമാരും, ചക്രവർത്തികളും, മെത്രാന്മാരും, രാജാക്കളും, പട്ടക്കാരും, പ്രഭുക്കളും, ധനവാന്മാരും, നിർദ്ധനരും, ബാലന്മാരും, വൃദ്ധന്മാരും എന്നുവേണ്ടാ എല്ലാ സ്ഥിതിയിലും ജീവിതാവസ്ഥയിലുമുള്ള അനവധി വൈദികരും ലൌകികരും ഇതിനെ സോത്സാഹം ആദരിച്ചു ഭക്തിപൂർവ്വം ധരിച്ചുകൊണ്ടു വരുന്നതു്. ഈ ഭക്തി ഇപ്പോൾ ലോകത്തിൻെറ നാനാഭാഗങ്ങളിലും പരന്നിരിക്കുന്നു. ഇതുമൂലം നിരവധി നന്മകൾ മനുഷ്യവർഗ്ഗത്തിന്നു കിട്ടിക്കൊണ്ടുമിരിക്കുന്നു.

ഇത്ര ശ്രേഷ്ഠവും ഫലപ്രദവുമായ ഈ കർമ്മല ഉത്തരീയത്തിൻെറ സ്ഥാപനത്തിലുള്ള മുഖ്യോദ്ദേശ്യം, ഈ തിരുവസ്ത്രത്തെ ധരിച്ചുകൊണ്ടു് കർമ്മലനാഥയായ പരി. കന്യകമറിയത്തെ വിശേഷവിധിയായി സ്നേഹിച്ചു് ഈ അമ്മയുടെ നേരെ പരമാർത്ഥ ഭക്തി തങ്ങളിൽതന്നെയും മററുള്ളവരിലും ജനിപ്പിക്കുന്നതിന്നായിട്ടു ഏവരും ശ്രമിക്കണമെന്നതാകുന്നു.

ഫാദർ ഗ്രിഗോരി സി. ഡി.

---

എത്രതന്നെ പത്ഥ്യമായ ഭക്ഷണമായിരുന്നാലും വയററിൽ അധികം കുത്തിച്ചെലുത്തുന്നതു അപല്ക്കരമാണു്. ആമാശയത്തിൽ പകുതിഭാഗം ഘനമായ ഭക്ഷണസാധനംകൊണ്ടും കാൽഭാഗം ജലാംശംകൊണ്ടും നിറച്ച ശേഷം കാൽഭാഗം ഒഴിച്ചിടേണ്ടതാണു്. "ധന്വന്തരി."

# നവികരണമോ നശീകരണമോ?

പതിനാറാം നൂററാണ്ടിൽ യൂറോപ്പിലുണ്ടായിട്ടുള്ള ഒരു പരിവൎത്തനത്തെയാണല്ലോ മതനവീകരണമെന്നു നാം സാധാരണ പറയാറുള്ളത്. ഇതു കേവലം മതസംബന്ധമായ ഒരു പരിവൎത്തനമാണെന്നു പറഞ്ഞുകൂടാ. നിഗൂഢങ്ങളായ പല ഘടകങ്ങളുടെ കൂട്ടിമുട്ടൽകൊണ്ടാണ് ഇതു സംഭവിച്ചിട്ടുള്ളത്. ഭരണസംബന്ധമായും സാമുദായികമായും ഉള്ള ജനങ്ങളുടെ അതൃപ്തി മൂൎദ്ധന്യത്തെ പ്രാപിച്ചിരുന്ന അവസരത്തിലായിരുന്നു മതനവീകരണത്തിന്റെ ആരംഭം. ജൎമ്മനിയിലുള്ള വിററൻബൎഗ്ഗ് സൎവ്വകലാശാലയിലെ അദ്ധ്യാപകനായിരുന്ന മാർട്ടിൻ ലൂതർ എന്ന വൈദികനാണ് മതനവീകരണത്തിനു അടിസ്ഥാനമിട്ടത്. ദണ്ഡവിമോചനം സംബന്ധിച്ച് ടെററ്സെൻ എന്നു പേരായ ഒരു വൈദികൻ ചെയ്ത ചില അബദ്ധങ്ങളെ ഖണ്ഡിച്ചുകൊണ്ടാണ് മാർട്ടിൻ ലൂതർ രംഗപ്രവേശനം ചെയ്തത്. ഇതു കേവലം നിരാക്ഷേപമായ ഒരു സംഗതിയായിരുന്നു. പക്ഷേ രംഗത്തിറങ്ങിയ വെളിച്ചപ്പാടു വെറുതേ തിരിച്ചുപോയില്ല. മാർപ്പാപ്പായുടെ അധികാരം കേവലം അന്യായമായിട്ടുള്ളതാണെന്നും കുർബാന, കുമ്പസാരം, നോമ്പ്, നമസ്കാരം മുതലായവയൊക്കെ അനാവശ്യപ്രവൃത്തികളാണെന്നും, രക്ഷപെടുവാൻ വിശ്വാസം മാത്രം മതിയാകുമെന്നും, വൈദികരും കന്യാസ്ത്രീകളും കല്യാണം കഴിക്കേണമെന്നും മററുമായിരുന്നു ഈ വൈദികന്റെ പഠനപരമ്പര. ഇദ്ദേഹം ഇങ്ങനെയൊക്കെ പറഞ്ഞുവെന്നുമാത്രമല്ലാ അതുപോലെതന്നെ പ്രവൃത്തിമൂലം കാണിച്ചുകൊടുക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ഭാൎയ്യ ഒരു കന്യാസ്ത്രീയായിരുന്നുവെന്നുള്ളത് പ്രസിദ്ധമാണല്ലോ. വേദപുസ്തകം മാത്രമേ വിശ്വസിക്കാവൂ എന്നായിരുന്നു അദ്ദേഹത്തിന്റെ മുദ്രാവാക്യം. എത്ര നീചനായ ഒരു പാപിക്കും വിശ്വാസം മാത്രമുണ്ടെങ്കിൽ നരകശിക്ഷയില്ലെന്നു വിധി കല്പിച്ച ഈ നവീകരണകൎത്താവിനെ അനുഗമിപ്പാൻ ധാരാളം ആളുകളുണ്ടായതിൽ അത്ഭുതപ്പെടാനൊന്നുമില്ലല്ലോ. അത്യാഗ്രഹികളായ ഇപ്രഭുക്കൾ സഭയുടെ സ്വത്തുക്കളെ അമൎത്തുന്നതിലേക്ക് ലൂതറിനെ അനുഗമിച്ചു. സുഖവഴിക്കാരായ രസികന്മാൎക്കു അവരുടെ താന്തോന്നിത്തരങ്ങൾക്കു സ്വാതന്ത്ര്യം കൊടുക്കുന്ന ആളിനെപ്പററി ബഹുമാനമുണ്ടാകാതിരിക്കുമോ? മതനവീകരണം ജൎമ്മനിവിട്ട്, സ്വിററ്സർലണ്ട്, ഇംഗ്ലണ്ട്, ജെനീവാ മുതലായ പ്രദേശങ്ങളിലേക്കും പടൎന്നുപിടിച്ചു. വിശുദ്ധ കുർബാനയിൽ മ്ശിഹായുടെ സാന്നിദ്ധ്യമില്ലെന്നു സ്വിംഗ്ലിയും മനുഷ്യവൎഗ്ഗത്തിന്റെ ഒരു ഭാഗം യാതൊരു കുററവും ചെയ്യാതെ നരകത്തിൽ പോകുമെന്ന് കാൽവിനും പ്രസംഗിച്ചു. പള്ളികളിൽ ഉണ്ടായിരുന്ന പ്രതിമകളേയും തിരുവസ്ത്രങ്ങളേയും എല്ലാം ഇവർ നശിപ്പിച്ചു. ഇംഗ്ലണ്ടിലെ രാജാവ് ഹെൻറി എട്ടാമൻ ആദ്യത്തിങ്കൽ ഒരു “വിശ്വാസസംരക്ഷക„നായിരുന്നുവെങ്കിലും ഒരു പ്രണയകലഹം മൂലമായി കത്തോലിക്ക സഭയിൽനിന്നു പിരിഞ്ഞു പ്രോട്ടസ്റ്റാൻറു മതാനുവൎത്തിയായിത്തീരുകയുണ്ടായി.

ഇപ്രകാരം ഒരു കാട്ടുതീപോലെ പടൎന്നു പിടിച്ച നവീകരണ പരിവൎത്തനത്തിരയെ തടഞ്ഞു നിറുത്തി കത്തോലിക്ക സഭയുടെ ശക്തിയേയും ശുദ്ധിയേയും യശസ്സിനേയും പരിപാലിക്കുന്നതിനായുള്ള പരിശ്രമങ്ങളും ഇതിനിടയിൽ പ്രത്യക്ഷപ്പെട്ടു. അതിലേക്കു സഭാനേതാക്കന്മാർ ചെയ്ത പ്രഥമശ്രമം പ്രസിദ്ധമായ ത്രെന്തോസ് സൂനഹദോസ് വിളിച്ചുകൂട്ടുകയായിരുന്നു. പ്രസ്തുത സൂനഹദോസ് നവീകരണ കൎത്താക്കളുടെ നശീകര പഠനങ്ങളെ നല്ലവണ്ണം പരിശോധിച്ചു ശപിച്ചു. തദനന്തരം സഭയുടെ ഭരണാദി കാൎയ്യങ്ങളിൽ ഒളിച്ചുകേറിയ മാലിന്യങ്ങളെ ദൂരീകരിക്കുന്നതിനുവേണ്ട ഏൎപ്പാടുകൾ ചെയ്യപ്പെട്ടു. എന്നിട്ടും നവീകരണകൎത്താക്കൾ തിരി

ച്ചുവരികയാകട്ടെ തങ്ങളുടെ പിതാക്കന്മാരുടെ വിശ്വാസത്തെ പുനരാലംബിക്കുകയാകട്ടെ ചെയ്തില്ല. ത്രെന്തോസ് സൂനഹദോസിന്റെ നിശ്ചയങ്ങളേയും ആദർശങ്ങളേയും നടപ്പിൽവരുത്തുന്നതിലേക്കു പ്രധാന പരിശ്രമങ്ങൾ ചെയ്തതു് അക്കാലത്തു സ്ഥാപിതമായ ഈശോസഭയുടെ അംഗങ്ങളായിരുന്നു. മാർട്ടിൻ ലൂതറിന്റെ സമകാലീനനായ വിശുദ്ധ ഇഗ്നാസിയോസ് ലയോളയാൽ സ്ഥാപിതമായ ഈ സഭയുടെ അംഗങ്ങളിൽനിന്നു് കത്തോലിക്കസഭയ്ക്കു കിട്ടിയിട്ടുള്ളതും കിട്ടിക്കൊണ്ടിരിക്കുന്നതുമായ സഹായസഹകരണങ്ങൾക്കു് അതിരില്ല തന്നെ. പ്രസ്തുത സഭാംഗമായ വിശുദ്ധ ഫ്രാൻസിസ് സേവിയർ എന്ന പുണ്യപുരുഷന്റെ മതതീക്ഷ്ണതയും അത്ഭുതപ്രവൎത്തനാശക്തിയും മൂലം ഇന്ത്യയിലും ജപ്പാനിലും കത്തോലിക്ക മതത്തിനുണ്ടായിട്ടുള്ള വ്യാപ്തി അന്യാദൃശമാകുന്നു. ഇതുപോലെതന്നെ പുത്തനായി കണ്ടുപിടിക്കപ്പെട്ട അമ്മേരിക്കൻ ഭൂഖണ്ഡത്തിലും മിഷ്യനറിമാർ ക്രിസ്തുവിനെ പ്രസംഗിച്ചു കത്തോലിക്ക സഭയ്ക്കു ജനസംഖ്യ വൎദ്ധിപ്പിച്ചു. മനുഷ്യരെ കൊന്നുതിന്നുന്ന ജാതിക്കാരുടെ ഇടയിൽ പോലും കത്തോലിക്ക മിഷ്യനറിമാരെ കാണാമായിരുന്നു എന്നു പറഞ്ഞാൽ അവരുടെ മതതീക്ഷ്ണതയുടെ പരിണാമം ഊഹ്യമാണല്ലൊ. ആയതുമൂലം യൂറോപ്പിലെ കത്തോലിക്കർ അവരുടെ വിശ്വാസത്തിൽ ഉറയ്ക്കുകയും, അന്യരാജ്യങ്ങളിൽ സഭയുടെ ജനസംഖ്യ വൎദ്ധിക്കുകയും ചെയ്തു. ഇങ്ങനെ യൂറോപ്പിൽ സഭയ്ക്കുണ്ടായ നഷ്ടം അമ്മേരിക്കയിലും ഏഷ്യയിലും ഉള്ള ലാഭംകൊണ്ടു് നിശ്ശേഷം തീൎന്നുപോകുകയുണ്ടായി.

൧൬-ാം നൂറ്റാണ്ടിലെ മേല്പറഞ്ഞ മതനവീകരണപരിവൎത്തനത്തിന്റെ ഫലമായിട്ടാണു് നാമിപ്പോൾ കാണുന്ന അസംഖ്യം ക്രൈസ്തവസഭാവിഭാഗങ്ങളിൽ ഭൂരിപക്ഷവും ഉണ്ടായിട്ടുള്ളതു്. ഓരോ കക്ഷിയ്ക്കും ആധാരഭൂതമായ വേദപുസ്തകം ഒന്നുമാത്രമാണെങ്കിലും അവയിൽനിന്നും അവർ ഉളവാക്കുന്ന വ്യാഖ്യാനങ്ങൾ വിവിധങ്ങളും പരസ്പര വിരുദ്ധങ്ങളുമാകുന്നു. ലൂതർ മരിച്ചു നാല്പതു വൎഷം തികയുന്നതിനു മുമ്പിൽ എൺപതു തരത്തിലുള്ള വിഭാഗങ്ങൾ പ്രോട്ടസ്റ്റന്റു സഭയിൽതന്നെയുണ്ടായി. ഇങ്ങനെ കുറേക്കാലം കഴിഞ്ഞപ്പോഴേയ്ക്കു് ക്രിസ്തീയ വിശ്വാസമൊട്ടും തന്നെയില്ലാത്ത ചില ആളുകൾ ഇംഗ്ലണ്ടിലും, ഫ്രാൻസിലും കാണപ്പെട്ടു. ദൈവവെളിപാടെന്നും, അത്ഭുതപ്രവൃത്തികളെന്നും ക്രിസ്തുവിന്റെ ദൈവത്വമെന്നും പറയുന്നതൊക്കെ വെറും മിഥ്യാബോധമാണെന്നു പ്രസംഗിക്കുകയായിരുന്നു ഇവരുടെ ജോലി. പരിശുദ്ധ വസ്തുക്കളെയും സഭയുടെ അധികാരികളെയും പററി ദൂഷ്യപ്രസ്താവനകൾ ചെയ്യുക, അസാന്മാൎഗ്ഗിക പ്രവൃത്തികൾ ചെയ്യുന്ന വിഷയത്തിൽ ജനസാമാന്യത്തെ പ്രേരിപ്പിക്കുക എന്നിവയായിരുന്നു ഈ അവിശ്വാസികളുടെ സാധാരണ പരിശ്രമം. ലളിതകോമളമായ ഭാഷാരീതിയിൽ എഴുതപ്പെട്ടിരുന്ന അവരുടെ കൃതികൾ ജനസാമാന്യത്തെ നന്നേ വശീകരിച്ചു. അപ്പോഴേക്കു് പരന്ത്രീസ് പരിവൎത്തനവും ആരംഭിച്ചു.

ഫ്രാൻസുരാജ്യത്തെ അക്കാലത്തു ഭരിച്ചുവന്നിരുന്ന ലൂയീസ് ൧൬-ാമൻ എന്ന രാജാവിനേയും അദ്ദേഹത്തിന്റെ ഭാൎയ്യയേയും സഹോദരിയേയും ഫ്രാൻസിലെ പരിവൎത്തന നേതാക്കൾ കൊന്നൊടുക്കി. സഭയുടെ വസ്തുക്കളെയെല്ലാം അവർ കണ്ടുകെട്ടി; സന്ന്യാസികളെയും സന്ന്യാസിനികളെയും അവരുടെ ആശ്രമങ്ങളിൽനിന്നാട്ടി ഓടിച്ചു; വൈദികൎക്കു കഴുവും തടവും ആധാരമായി. വിശുദ്ധ കുൎബ്ബാന എഴുന്നള്ളിച്ചുവച്ചിരുന്ന പാരീസ് ഭദ്രാസന ദേവാലയത്തിൽ അവർ ഒരു ദുർവൃത്തയായ സ്ത്രീയെ പ്രതിഷ്ഠിച്ചു് അവളെ ദേവചിഹ്നമായിക്കരുതി കീൎത്തനങ്ങൾ പാടി. പരന്ത്രീസ് പരിവൎത്തനം മൂലം ഫ്രഞ്ചുജനതതി എത്രത്തോളം മതിമറന്നുപോയി എന്നു ഇതിൽനിന്നും ഏറക്കുറെ ഊഹിക്കാമല്ലൊ.

ദൈവമെന്നും മതമെന്നുമുള്ള വിചാരങ്ങളില്ലാതെയായപ്പോൾ ജനങ്ങൾ എന്തു ക്രൂരതയും ചെയ്യുവാൻമടിച്ചില്ല. പരിവൎത്തനകൎത്താക്കൾ തന്നെ ഇപ്പോഴേക്കു ബുദ്ധിമുട്ടിത്തുടങ്ങി. ൧൭൯൯-ാമാണ്ടു ജഗൽപ്രസിദ്ധനായ നെപ്പോളിയൻബോ

ണപ്പോർട്ടു ഫ്രഞ്ചുരാജ്യഭരണ മേധാവിയായി ഭവിച്ചു. അദ്ദേഹം ൧൮൦൧-ൽ മാർപ്പാപ്പായുമായി ചെയ്ത ഉടമ്പടിപ്രകാരം കത്തോലിക്കമതം വീണ്ടും രാജ്യത്തിൽ ഏൎപ്പെടുത്തപ്പെട്ടു. പക്ഷേ ഈ സമാധാനം കേവലം ക്ഷണികമായി ഭവിച്ചതേയുള്ളു. വിജയോന്മത്തനായ നെപ്പോളിയൻ കേവലം അസാദ്ധ്യങ്ങളായ പല അവകാശങ്ങളും മാർപ്പാപ്പായോട് ആവശ്യപ്പെട്ടു. അതു സാധിക്കായ്കമൂലം അന്നത്തെ പരിശുദ്ധ പിതാവായിരുന്ന പീയൂസ് ഏഴാമനെ നെപ്പോളിയൻ ൧൮൦൯-ൽ കാരാഗൃഹത്തിലാക്കി. എങ്കിലും യൂറോപ്യ മഹാശക്തികളുടെ ഐക്യപരിശ്രമത്താൽ നെപ്പോളിയൻ പരാജിതനാക്കപ്പെടുകയുണ്ടായി. പരിശുദ്ധ പിതാവാകട്ടെ ൧൮൧൪-ൽ കാരാഗൃഹംവിട്ടു വത്തിക്കാൻ അരമനയിൽ വിജയശ്രീയോടു കൂടി പ്രവേശിക്കുകയും ചെയ്തു.

പരന്ത്രീസ് പരിവൎത്തനത്തിന്റെ ഫലങ്ങൾ ഇതര രാജ്യങ്ങളിലേക്കും ക്രമേണ പ്രവഹിച്ചു. ഇററലി, സ്പെയിൻ, പോർട്ടുഗൽ മുതലായ രാജ്യങ്ങളിലൊക്കയും വൈദികരോടും സന്യാസിനികളോടുമുള്ള വിദ്വേഷം വൎദ്ധിച്ചു. അവരുടെ ഭവനങ്ങളെയും സമ്പത്തിനെയും ഭരണകൎത്താക്കൾ വസൂലാക്കിവന്നു. അരാജകത്വവും അനുസരണക്കേടും തന്നെ പരിഷ്കാരലക്ഷണമായും ഭവിച്ചു. ഇതെല്ലാം സാക്ഷാൽ നവീകരണമോ നശീകരണമോ എന്നു വായനക്കാർതന്നെ തീർച്ചപ്പെടുത്തിക്കൊള്ളുവിൻ.

കെ. ഇ. ജോബ് ബി. ഏ.

# കാവൽമാലാഖാമാർ.



"ഈ ചെറിയവരിൽ ഒരുവനേയും തിരിക്കാതിരിപ്പാൻ സൂക്ഷിച്ചു കൊൾവിൻ: എന്തുകൊണ്ടെന്നാൽ, സ്വൎഗ്ഗത്തിൽ അവരുടെ മാലാഖാമാർ സ്വൎഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുഖം എല്ലായ്പ്പോഴും കാണുന്നുവെന്നു ഞാൻ നിങ്ങളോടു പറയുന്നു" എന്നു മത്തായി ൧൮-ാം അ. ൧൦-ാം വാക്യത്തിൽ നമ്മുടെ ദിവ്യരക്ഷിതാവു അരുളിച്ചെയ്യുന്നു. ഇതിൽനിന്ന് മാനുഷരിൽ ഓരോരുത്തനും ഓരോ കാവൽമാലാഖാ ഉണ്ടായിരിക്കുന്നു എന്നുള്ള സത്യം സ്പഷ്ടമാകുന്നു. ഈ മാലാഖാമാർ ദൈവത്തെ പ്രത്യക്ഷമായി ദർശിച്ചാനന്ദിക്കുന്നു. അതേസമയംതന്നെ തങ്ങൾക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ആളുകളെ ജാഗ്രതയോടെ കാത്തു പരിപാലിക്കയും ചെയ്യുന്നു. ഈ സത്യം യൂദന്മാരും, പൂൎവ്വക്രിസ്ത്യാനികളും പൊതുവായി വിശ്വസിച്ചുപോന്ന ഒന്നാണ്. ശ്ലീഹന്മാരുടെ നടപടി ൧൨ അ. ൧൫-ാം വാക്യത്തിൽ വിവരിക്കപ്പെട്ടിരിക്കുന്ന സംഭവം ഇതിനു ഒരു നല്ല ദൃഷ്ടാന്തമാകുന്നു. അതെന്തെന്നാൽ, കാരാഗൃഹത്തിൽ ബന്ധിക്കപ്പെട്ടിരുന്ന വിശുദ്ധ പത്രോസ് ശ്ലീഹാ വന്നു വാതിൽക്കൽ മുട്ടുന്നതായി റോദെ എന്നു പേരുള്ള ഒരു പെൺകുട്ടി വീട്ടിൽ കൂടിയിരുന്ന വിശ്വാസികളോടു ചെന്ന് അറിയിച്ചപ്പോൾ, അത് അദ്ദേഹത്തിന്റെ മാലാഖായായിരിക്കും എന്നത്രേ അവർ ഉത്തരിച്ചത്. എല്ലാവൎക്കും ഓരോ കാവൽഭൂതന്മാർ ഉണ്ടെന്നുള്ള ഈ സത്യത്തെ വിശുദ്ധ പിതാക്കന്മാർ ഏവരും ഏകാഭിപ്രായമായി പഠിപ്പിക്കുന്നു. ദൃഷ്ടാന്തത്തിനായി വിശുദ്ധ ഈറാനീമ്മോസിന്റെ സാക്ഷിമാത്രം മതിയായിരിക്കുമെന്നു കരുതി, ശേഷമൊക്കെയും വിട്ടുകളയുന്നു. ഈ മല്പാൻ പറയുന്നതായത്: ഹാ! ആത്മാവുകളുടെ ശ്രേഷ്ഠത എത്രയോ മഹത്തായിരിക്കുന്നു? എന്തുകൊണ്ടെന്നാൽ, ഓരോരുത്തർ ജനിക്കുന്ന ആദ്യക്ഷണം മുതൽക്കേ, അവരുടെ കാവലിനായി നിയമിക്കപ്പെട്ടിരി

ക്കുന്ന ഓരോ മാലാഖാമാർ ഉണ്ടായിരിക്കുന്നു (Com in Math. 1. 13.) അപ്പൊഴൊ നമ്മുടെ ജനനം മുതൽ നമ്മെ കാത്തുപരിപാലിക്കുന്നതിന്നു് ഭരമേററിരിക്കുന്ന മാലാഖാമാരുടെനേക്കു നമുക്കു എത്രമാത്രം ഭക്തിയുണ്ടാകുവാൻ ന്യായമായിരിക്കുന്നു? ഈ ദൈവദൂതന്മാൎക്കുള്ള പരിശുദ്ധത, ശ്രേഷ്ഠത, ദൈവത്തിന്നു അവരോടുള്ള ഇഷ്ടം, അവരുടെ ഉദ്യോഗം, അവർ നമുക്കു ചെയ്യുന്ന ഉപകാരസഹായങ്ങൾ എന്നിവയെപ്പററി സ്വല്പമൊന്നു ആലോചിച്ചുനോക്കുന്നുവെങ്കിൽ, അവരെ നാം എത്രമാത്രം വണങ്ങി നമസ്കരിപ്പാനും, സ്തുതിച്ചുകൊണ്ടാടുവാനും, അവരുടെനേരെ കൃതജ്ഞതയും മനോവിശ്വാസവും കാണിപ്പാനും കടപ്പെട്ടവരാകുന്നു എന്നു എളുപ്പത്തിൽ ഗ്രഹിക്കാവുന്നതാണു്.

ഓരോരുത്തക്കു ഓരോ കാവൽമാലാഖാമാർ ഉണ്ടെന്നുള്ള സത്യം വിശുദ്ധ സുവിശേഷം നമ്മെ പഠിപ്പിക്കുന്നതിനോടുകൂടെത്തന്നെ അവരെ നാം വണങ്ങുകയും സ്നേഹിക്കയും ചെയ്യണമെന്നുള്ളതും നമ്മെ പഠിപ്പിക്കുന്നു. തിരുസഭയുടെ ആരംഭകാലം മുതൽക്കേ കാവൽമാലാഖാമാരുടെ തിരുനാൾ ഓരോ പ്രത്യേക പള്ളികളിൽ ഘോഷിച്ചുവന്നിരുന്നു എങ്കിലും ൫-ാം പൌലോസ് മാർപ്പാപ്പായുടെ കാലത്തിലാണു്, അതു തിരുസഭ ഒട്ടുക്കുള്ള തിരുനാളായി കൊണ്ടാടുവാൻ തുടങ്ങിയതു്. എങ്ങിനെയെന്നാൽ, ആവുസ്ത്രീയായുടെ രാജാവായിരുന്ന ഫെർദിനാന്തോസ് എന്നയാൾ കാവൽമാലാഖായുടെനേരെ തനിക്കുണ്ടായിരുന്ന അതിയായ ഭക്തി നിമിത്തം ഈ തിരുനാളിനെ തിരുസഭയിൽ എല്ലായിടത്തും ഘോഷിപ്പാൻ തക്കവണ്ണം നിയമിക്കേണമെന്നു് പ്രസ്തുത മാർപ്പാപ്പായോടു വളരെ മുട്ടിപ്പായി അപേക്ഷിക്കയും, രാജാവിന്റെ ഇത്ര ഭക്തിജനകമായ അപേക്ഷയ്ക്കു അനുസരണമായി വിശ്വാസികളുടെ ഇടയിൽ ഈ വണക്കത്തെ അതിപ്രബലമാക്കിത്തീൎക്കുമാറു് ഒക്ടോബർമാസം രണ്ടാം തീയതി ഈ തിരുനാൾ ലോകമെങ്ങും കൊണ്ടാടപ്പെടണമെന്നു മാർപ്പാപ്പാ നിശ്ചയിച്ചു് ഒരു തിരുവെഴുത്തു പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

വിശുദ്ധ റപ്പായേൽ മാലാഖാ, ചെറിയ തോബിയാസിന്നു ചെയ്തുകൊടുത്ത നന്മോപകാരങ്ങൾ തന്നെയാണു്, നമ്മുടെ കാവൽദൂതന്മാർ നമ്മിൽ ഓരോരുത്തക്കും പ്രതിദിനം ചെയ്തുവരുന്നതു്. മുഖ്യദൂതനായ വിശുദ്ധ റപ്പായേൽ ആ ബാലനു വളരെ ദീർഘമുള്ളതും, വിഷമമേറിയതുമായ പ്രയാണത്തിൽ ഒരു നല്ല വഴികാട്ടിയുടെ നിലയിൽ അവനെ നടത്തി, സകല അപകടങ്ങളിൽനിന്നും കാത്തുരക്ഷിച്ചു്, സുഖസന്തോഷ സമേതം തിരിച്ചു വീട്ടിൽ കൊണ്ടുവന്നാക്കുകയും, റാഹേലിന്റെ ഭവനത്തിൽ സന്തോഷവും ആനന്ദവും വരുത്തുകയും, തോബിയാസിന്റെ മാതാപിതാക്കന്മാരെ ആശ്വാസത്താൽ പരിപൂൎണ്ണരാക്കുകയും ചെയ്തു. പ്രസ്തുത ദൈവദൂതന്റെ നേരെ ആ നല്ല ബാലൻ എത്ര അനുസരണയും നന്ദിയും കീഴ്വഴക്കവും ഉള്ളവനായിരുന്നുവോ, അപ്രകാരം ക്രിസ്ത്യാനിയായ വായനക്കാരാ! നീയും ആ യുവാവിന്റെ സന്മാതൃകയനുസരിച്ചു് നിന്റെ കാവൽമാലാഖായുടെ നേക്കുള്ള ഭക്തിയിൽ മേൽക്കുമേൽ വൎദ്ധിച്ചുവരികയും ഈ ഭക്തി ശേഷംപേരിലും വൎദ്ധിപ്പിക്കാൻ ശ്രമിക്കയും നിന്റെ സഹായത്തിന്നു് അദ്ദേഹത്തെ കൂടക്കൂടെ വിളിക്കയുംവേണം.

ഫാദർ മർസ്സലിൻ സി. ഡി.

---

ഇററലിയിൽ ബാറി എന്ന സ്ഥലത്തുള്ള വി. നിക്ലാവോസിന്റെ ബസിലിക്കാപള്ളിയിൽ കൎത്താവിന്റെ തിരുമുൾമുടി നിക്ഷേപിക്കപ്പെട്ടിരിക്കുന്നു. ദുഃഖവെള്ളിയാഴ്ച ദിവസത്തിൽ മംഗലവാൎത്ത തിരുനാൾ വരുന്നകാലങ്ങളിലൊക്കയും ഈ മുൾമുടി മുഴുവൻ രക്തവൎണ്ണമായിത്തീരുന്ന അത്ഭുതസംഭവം ഇപ്പോൾ അനേക ശതാബ്ദങ്ങളായി നടന്നുകൊണ്ടിരിക്കുന്നു.

× × ×

ഹംഗ്രിയിലെ അമ്പതു ക്രൌൺ നോട്ടിന്മേൽ ദൈവജനനിയുടെ പടമാണു പതിച്ചിരിക്കുന്നതു്. പ്രസ്തുത രാജ്യത്തിന്റെ മദ്ധ്യസ്ഥ പരിശുദ്ധ കന്യകയാകുന്നു.

# കത്തോലിക്കാ സാഹിത്യപ്രചാരമാൎഗ്ഗങ്ങൾ.

(സ. നാ.)

ഈ ലേഖനപരമ്പരയെ യഥാവസരം തുടൎന്നുകൊള്ളാൻ സൗകൎയ്യം ലഭിക്കാഞ്ഞതിൽ ഞാൻ വ്യസനിക്കുന്നതോടുകൂടി, വായനക്കാരോടു ക്ഷമാപണം ചെയ്യുയും ചെയ്തുകൊള്ളുന്നു. മിക്കവാറും വിസ്മൃതിയിൽ പെട്ടുപോയിരുന്ന ഈ ഉദ്യമത്തെ ഇപ്പോഴെങ്കിലും തുടരുന്നതിന്നു കഴിഞ്ഞ ലക്കം 'കൎമ്മേലകുസുമം' എന്നെ പ്രേരിപ്പിച്ചിട്ടുണ്ടെന്നു പറയാം. എന്റെ ലേഖനത്തിന്റെ രണ്ടാം ഭാഗം കൂടി പ്രസ്തുത മാസികയിൽ ചേൎത്തുകണ്ടതാണ് അതിന്നുള്ള കാരണം.

കത്തോലിക്കാ സാഹിത്യ പ്രചാരാൎത്ഥം ക്രിസ്തീയ കുടുംബങ്ങളിൽ ചെയ്യപ്പെടേണ്ട ചില വ്യവസ്ഥകളെപ്പററി സ്വല്പം പ്രസ്താവിക്കാനാണ് ഈ ലേഖനത്തിൽ ഞാൻ ആദ്യമായി ഉദ്ദേശിക്കുന്നതു്. വാസ്തവത്തിൽ കുടുംബമാകുന്നു എല്ലാത്തരം അഭിവൃദ്ധിയുടെയും കേന്ദ്രസ്ഥാനം. കുടുംബജീവിതരീതിയെ ആശാസ്യമായ വിധം വ്യവസ്ഥപ്പെടുത്താതെ സാമൂഹ്യമായ യാതൊരു ഉന്നമനത്തെയും സാധിക്കാൻ ശക്യമല്ലതന്നെ. സമുദായമാകുന്ന ശരീരത്തിന്റെ ഹൃദയമാകുന്നു കുടുംബം. അവിടെയാണ് സാമൂഹ്യജീവചൈതന്യം നിഗ്രഹനം ചെയ്യപ്പെട്ടിരിക്കുന്നതു്; അവിടെയാണ് സമുദായാഭിവൃദ്ധിക്കുള്ള മൂലബീജം നിക്ഷിപ്തമായിരിക്കുന്നതും. അതു ഒരു മനുഷ്യന്റെ ആദ്യത്തേതും ഒടുവിലത്തേതുമായ വിദ്യാലയമാകുന്നു. എന്നല്ല, സാമാന്യമായി പറഞ്ഞാൽ കുടുംബമാകുന്നു ഒരു മനുഷ്യന്റെ സാൎവ്വത്രികമായ വിദ്യാലയം. ആകയാൽ കത്തോലിക്കാ സാഹിത്യത്തിന്നു പ്രചാരവും അഭിവൃദ്ധിയും സിദ്ധിക്കേണ്ടതു ആവശ്യമാണെന്നുള്ള നമ്മുടെ സിദ്ധാന്തത്തെ സാധിക്കുന്നതിനുള്ള പ്രഥമവും പ്രധാനവുമായ രംഗം ഒരു ക്രിസ്തീയ കുടുംബമത്രെ. എന്നാൽ ഈ രംഗത്തിൽ നിൎവ്വഹിക്കപ്പെടേണ്ട നമ്മുടെ കൎത്തവ്യങ്ങൾ എന്തെല്ലാം? ഒന്നാമതായി എല്ലാ ക്രൈസ്തവ കുടുംബങ്ങളിലും ഒരു കത്തോലിക്കാ ഗ്രന്ഥസഞ്ചയത്തെ രൂപീകരിക്കണം. ഈ ഗ്രന്ഥസഞ്ചയം കേവലം ഒരു അലങ്കാരോപകരണമായിരുന്നാൽ പോരാ. വിശിഷ്ടങ്ങളായ അനേകം ഗ്രന്ഥങ്ങളാൽ നിബിഡീകൃതങ്ങളായ പുസ്തകത്തട്ടുകൾ, പക്ഷേ, നമ്മിൽ പലരുടെയും ഭവനങ്ങളെ അലങ്കരിച്ചു കഴിഞ്ഞിട്ടുണ്ടായിരിക്കാം. എന്നാൽ അത്തരം ഒരു 'പ്രദൎശന ഗ്രന്ഥസഞ്ചയം' കൊണ്ടു കത്തോലിക്കാ സാഹിത്യം പ്രചരിതമാകുന്നതെങ്ങിനെ?

"കാഴ്ചയില്ലാത്ത കണ്ണിന്റെ
വാഴ്ചപോലെയതായിടും" എന്നല്ലാതെ നിൎദ്ദിഷ്ടഫലത്തെ നിൎവ്വഹിക്കുന്നില്ല. പ്രായോഗികമായ അഭ്യസനമാണ് നമുക്കാവശ്യം. ആകയാൽ ഒരു ക്രൈസ്തവകുടുംബത്തിന്റെ ദിനചൎയ്യയിൽത്തന്നെ കത്തോലിക്കാ സാഹിത്യോദ്യമങ്ങൾക്കു സ്ഥലം അനുവദിക്കപ്പെട്ടേ കഴിയൂ. ഉണ്ണുക, ഉടുക്കുക, ഉറങ്ങുക എന്നിങ്ങനെ അവശ്യം അനുഷ്ഠേയങ്ങളായ സംഗതികളുടെ കോ

---

## 'കൎമ്മേലകുസുമ'ഗ്രന്ഥാവലിക്കു വരിപ്പണമായും മററും മുൻകൂർ പണമടച്ചു

## സഹായിക്കുന്നവരുടെ പേരുവിവരം.

| | രൂ. | | രൂ. |
|---|---|---|---|
| ദിവ്യശ്രീ കുളംകുത്തി ദേവസ്യാച്ചൻ | രൂ. 1 | മ. രാ. രാ. കെ. വാഴപ്പുറം, കോക്കമംഗലം | 1 |
| ,, രാമച്ചനാട്ടു യൌസേപ്പച്ചൻ | 1 | ,, കട്ടക്കയത്തിൽ ചെറിയാൻമാപ്പിള | 2 |
| ,, പാണാട്ടു തോമ്മാച്ചൻ | 1 | ,, കെ. വി. സേവിയർ, ഉദിയമ്പേരൂർ | 1 |
| ,, വെള്ളരിങ്ങാട്ടു യാക്കോച്ചൻ | 1 | ,, തോമ്മസ് മനവേൽ, കൊല്ലം | 1 |
| ,, മണ്ണനാൽ കര്യാക്കോസച്ചൻ | 5 | ,, ഇളപ്പുങ്കൽ ആഗസ്റ്റി ചങ്ങനാശേരി | 1 |
| ,, പാറേക്കുന്നേൽ തോമ്മാ ശമ്മാശ് | 6 | ,, എം. സി. ചെറിയാൻ കിടങ്ങൂർ. | 2 |
| റവ: ഫാദർ റഫേൽ, തെള്ളകം. | 1 | ഒരു സമുദായസ്നേഹി, അന്ത്യാളൻ, പാലാ. | 2 |

ടിയിൽതന്നെ കത്തോലിക്കാ ഗ്രന്ഥപാരായണത്തെയും നാം അനുബന്ധിക്കണം. ഏതെങ്കിലും ഒരു ഗ്രന്ഥത്തിൽനിന്നു ഏതാനും അദ്ധ്യായങ്ങൾ കുടുംബാംഗങ്ങൾക്കു പൊതുവെ ഉപകരിക്കുമാറു, ദിവസേന പാരായണം ചെയ്യപ്പെടേണ്ടതു അലംഘനീയമായ ഒരു നിഷ്ഠയായിരിക്കണം. കുടുംബാംഗങ്ങളിൽ ഓരോരുത്തരുടെ യോഗ്യതാനുസരണം പ്രത്യേക സാഹിത്യോദ്യമങ്ങളും അവർക്കുണ്ടായിരിക്കേണ്ടതാണ്. നമ്മുടെ ചെറുപ്പക്കാർക്കു മതഗ്രന്ഥപാരായണവിഷയത്തിൽ വൈമനസ്യമുണ്ടെന്നു അവരെ കുററപ്പെടുത്താൻ ഞാൻ തയ്യാറില്ലെങ്കിലും തദ്വിഷയത്തിൽ അവരുടെ ശ്രദ്ധ ഇനിയും കൂടുതലായി പതിയേണ്ടതു ആവശ്യമാണെന്നു പറയാതിരിക്കാൻ വയ്യാ. സമുദായത്തിന്നു സന്മാർഗ്ഗികമായ നിലയെ ആശംസിക്കുന്ന എല്ലാ യുവാക്കന്മാരും മതഗ്രന്ഥപാരായണത്തിൽ പ്രത്യേകം പ്രസക്തിയുള്ളവരായിരിക്കണം. കേവലം ലൗകികവിജ്ഞാനംകൊണ്ടു നമുക്കു ബുദ്ധിവികാസം സിദ്ധിക്കുന്നുണ്ടെന്നുള്ളതിൽ ഏതും പക്ഷാന്തരമില്ലെന്നിരുന്നാലും, സൗത്തി എന്ന മഹാൻ പറയുന്നതുപോലെ, ആ വികാസത്തിൻെറ ഗതിക്കനുരൂപമായ സന്മാർഗ്ഗികവും ആദ്ധ്യാത്മികവുമായ പ്രബോധനം കൂടിയില്ലാത്ത പക്ഷം, അതിൻെറ ഗതി എത്രത്തോളം ത്വരിതമായിരിക്കുമോ, അത്രത്തോളം ശക്തിയോടുകൂടി നാം അനർത്ഥമാർഗ്ഗത്തിലേക്കു പാഞ്ഞടുക്കുകയാണ് ചെയ്യുന്നതു്. എന്നാൽ അധികംപേരും മതസംബന്ധമായ ഗ്രന്ഥങ്ങളുടെ പാരായണത്തെ വിദ്വേഷിക്കുന്നതുകൊണ്ടല്ല, അതിൽ അലസന്മാരായി കാണപ്പെടുന്നതു്. പിന്നെയൊ, അത്തരം ഗ്രന്ഥങ്ങൾ അവരുടെ കയ്യിൽ എത്തുപെടാത്തതുകൊണ്ടാണ്. ചാൾസ്റ്റനിലെ മെത്രാൻ പറയുന്നു:– "ഉത്തമങ്ങളും ആകർഷണീയങ്ങളുമായ കത്തോലിക്കാ ഗ്രന്ഥങ്ങൾ അവരുടെ–യുവാക്കന്മാരുടെ–കൈവശമില്ലാത്തപക്ഷം അവർ തദ്വിപരീതങ്ങളായ വേറെ വല്ല പുസ്തകങ്ങളും വായിക്കും." എന്നാൽ ഏതാദൃശമായ ദുഷ്ടഗ്രന്ഥപാരായണം സമുദായത്തിനും രാജ്യത്തിനും സർവ്വോപരി ഒരുവൻെറ ആത്മാവിനും ഗൗരവതരമായ നാശത്തെ ചെയ്യുന്നു. അതിനാൽ നമ്മുടെ കുടുംബങ്ങളിൽ ഒരു കത്തോലിക്കാ ഗ്രന്ഥസഞ്ചയം ഉണ്ടായിരിക്കേണ്ടതു കത്തോലിക്കാ സാഹിത്യ പ്രചാരത്തിനു ഒഴിച്ചുകൂടാൻ വഹിയാത്ത ഒരാവശ്യമാണെന്നു വിശദമാകുന്നുണ്ടല്ലൊ. ഏവംവിധം തന്നെ കത്തോലിക്കാപ്പത്രങ്ങൾക്കും പത്രഗ്രന്ഥങ്ങൾക്കും ഒരു ക്രിസ്തീയ ഭവനത്തിലെ മേശപ്പുറത്തു പ്രത്യേകം സ്ഥലം അനുവദിക്കപ്പെടേണ്ടതാണ്. ഒരു ക്രിസ്തീയ ഭവനത്തെയല്ലാതെ മറെറന്തിനെ ലക്ഷ്യമാക്കിയാണ് നമ്മുടെ പത്രങ്ങൾ സഞ്ചരിക്കുന്നതു്? ഒരു ക്രിസ്തീയ കുടുംബത്തിൻെറ കവാടങ്ങൾ നമ്മുടെ പത്രങ്ങൾക്കും, പത്രഗ്രന്ഥങ്ങൾക്കും സ്വാഗതം ആശംസിച്ചില്ലെങ്കിൽ പിന്നെ ആരാണ് അവയെ സ്വീകരിക്കുന്നതും ആദരിക്കുന്നതും? കത്തോലിക്കാ സാഹിത്യത്തെ പ്രചരിപ്പിക്കാനുള്ള ഉദ്ദേശ്യം നമ്മുടെ പത്രങ്ങൾക്കുണ്ടെന്നിരുന്നാലും, പൊതുജനങ്ങൾ അവയെ ലോഭം വെടിഞ്ഞു സ്വീകരിക്കുന്നതുവരെ ആ ഉദ്ദേശ്യവും തദനുസൃതമായ ഉദ്യമവും വന്ധ്യപ്രായങ്ങളായിരിക്കുന്നതേയുള്ളു. എന്നുതന്നെയല്ല, പൊതുജനങ്ങളുടെ ആർദ്രതാസമ്മിളിതമായ സ്വീകരണം സിദ്ധിക്കാത്തപക്ഷം നമ്മുടെ പത്രങ്ങൾ കൊഴിഞ്ഞുവീഴുകതന്നെയും ചെയ്യും. എന്നാൽ കത്തോലിക്ക പത്രങ്ങൾക്കു പ്രവേശനം അനുവദിക്കപ്പെട്ടിട്ടില്ലാത്ത ചില ക്രൈസ്തവ കുടുംബങ്ങളിൽതന്നെ കത്തോലിക്കേതരങ്ങളായ പത്രങ്ങൾ–പലപ്പോഴും സന്മാർഗ്ഗദൂഷിതങ്ങളായ പത്രങ്ങൾ– സ്ഥലം പിടിച്ചിട്ടുള്ളതായി കാണുന്നതിൽ ആർക്കും അത്ഭുതവും അനുകമ്പയും തോന്നുന്നതാണ്. പത്രങ്ങൾ നമ്മുടെ സ്വഭാവരൂപീകരണവിഷയത്തിൽ ദൈനംദിനം പ്രദ്യോതിപ്പിച്ചു കൊണ്ടിരിക്കുന്ന പ്രബലമായ പ്രേരണാശക്തിയെപ്പററി ബോധമുള്ളവരാരുംതന്നെ ഒരു കത്തോലിക്കാപ്പത്രത്തെ അപേക്ഷിച്ച് ഒരു അക്രൈസ്തവപത്രത്തിന്നു പ്രവേശനപ്രാധാന്യം അനുവദിക്കുന്നതല്ല. ചുരുക്കിപ്പറയാം. കത്തോലിക്കാപത്രങ്ങളും പത്രഗ്രന്ഥങ്ങളും ഏതാദൃശങ്ങളായ മററു പ്രസിദ്ധീകരണങ്ങളും നമ്മുടെ കുടുംബങ്ങളിൽ പ്രവേശപ്രാധാ

ന്യത്തെ അർഹിക്കുന്നു. ആ പ്രാധാന്യത്തെ നാം അവശ്യം അനുവദിച്ചുകൊടുക്കുകയുംചെയ്യണം. അപ്പോൾ കത്തോലിക്കാസാഹിത്യം മുറസ്സു പ്രചരിക്കയും ചെയ്യും.

കെ. ഏ. പോൾ.

---

# അശൌചം അഥവാ ദൈവത്തിന്റെ വഴികൾ.

(ചെറുകഥ തുടർച്ച)

അമ്മ: മകനെ! നിന്റെ അപ്പൻ എഴുതിയതെന്താണ്.? ഈ ചോദ്യത്തിനു സമാധാനമായി യൌസേഫ് ഓർമ്മയിൽ ഇരുന്ന സംഗതികളെ യഥാക്രമം ഇങ്ങനെ പ്രസ്താവിച്ചു.

(൧) നമ്മുടെ അയൽ വാസിയായ യോനാസിനു ൪൦൦ ഷെക്കൽസു കൊടുക്കണം. (ഒരു ഷെക്കലിനു ൨ൽ ഷില്ലിങ്ങ് വിലയുണ്ട്)

(൨) സിമയോന്റെ ഭാര്യയായ എസ്സേറിനു ൫൦൦ ഷെക്കൽസ് കൊടുക്കാനുണ്ട്.

(൩) ഏലിയാസറിന്റെ മകനായ യൌനാനു, ൫൦ ഷെക്കൽസു കൊടുക്കണം.

(൪) നമ്മുടെ കുടുംബത്തിൽ പെട്ട സുറബാബേലിനും മക്കൾക്കുമായി, നമ്മുടെ സ്ഥാവരവസ്തുക്കളിൽ നേർപകുതി വീതിച്ചുകൊടുക്കണം, അതിനു അവർ ശരിയായി അവകാശമുള്ളതാണ്. ഇവർക്കു ചില രേഖകളെല്ലാം ഉണ്ടെങ്കിലും, രാജനീതിപ്രകാരം, അവരുടെ അവകാശം നഷ്ടപ്പെട്ടാണിരിക്കുന്നതു്. പക്ഷെ എന്റെ കൃത്രിമം ഹേതുവാലാണ് അങ്ങനെ സംഭവിച്ചതു്. തന്നിമിത്തം, ദൈവമുമ്പാകെ ഉത്തരിപ്പുകടമുണ്ട്, എന്നുള്ള സംഗതി പ്രത്യേകം ഓർക്കേണ്ടതാണ്.

(൫) നിന്റെ അമ്മയേയും കുട്ടികളേയും ഞാൻ അത്യന്തം സ്നേഹിക്കുന്നുവെന്നും പറക.

(൬) നിന്റെ അമ്മയേയും സഹോദര സഹോദരികളെയും സ്നേഹിക്കുകയും അവരെ പരിരക്ഷിക്കയും ചെയ്ക.

(൭) ഞാൻ മരണത്തിനൊരുങ്ങിയിരിക്കയാണ്, ഇനി നിങ്ങളെ കണ്ടുകൊള്ളാമെന്നു ശരണമില്ല. സത്യസന്ധതയോടും നീതിനിഷ്ഠയോടുംകൂടി ജീവിക്കുക. ദൈവാനുഗ്രഹം നിന്റെമേൽ ഉണ്ടാകും.

(൮) ഒരു ദുർഭഗപിതാവിന്റെ അനുഗ്രഹം നിങ്ങൾക്കുണ്ടെന്നറിഞ്ഞാലും.

മിക്കയാസിന്റെ ഭാര്യ ഇതെല്ലാം കേട്ടു് വ്യസനാക്രാന്തയായിഭവിച്ചു. കൊടുക്കുവാങ്ങലിന്റെ കണക്കു കേട്ടു് അവൾ വല്ലാതെ അന്ധാളിച്ചുപോയി. ഇത്രയധികം "ഉത്തരിപ്പുകടം" തന്റെ ഭർത്താവിനുണ്ടെന്നു് അവൾ സ്വപ്നത്തിൽപോലും വിചാരിച്ചിരുന്നില്ല.

യൌസേപ്പു പറഞ്ഞു. "അപ്പന്റെ എഴുത്തനുസരിച്ചു കൊടുക്കാൻ തുടങ്ങിയാൽ പിന്നെ നമുക്കധികമൊന്നും ശേഷിക്കയില്ലല്ലോ. എന്നുവരികിലും, പിതൃഹിതാനുസാരം പ്രവർത്തിക്കുന്നതിനു ഞാൻ ഒരുങ്ങിയിരിക്കയാണ്. അമ്മയുടേയും മററും ജീവിതത്തിനു മാർഗ്ഗം എന്റെ പ്രയത്നത്തേയാണ് ഇനിമുതൽ ആശ്രയിരിച്ചിരിക്കുന്നതു്'.

ശോശമ്മ: പ്രിയമകനെ! നിന്റെ സമാധാനം, എന്നെ ഹർഷപൂരിതയാക്കിയിരിക്കുന്നു. അന്യന്റെ മുതൽ നമുക്കു് വേണ്ട. എത്രയോ കുടുംബങ്ങൾ ഉത്തരിപ്പുകടത്തോടുകൂടി ഉയർന്നുവന്നശേഷം നാമാവശേഷമായിപ്പോയിരിക്കുന്നു! എല്ലാററിലും വലുതു് നിർദ്ദോഷമായ ഒരു മനസ്സാക്ഷിയാണ്. നമ്മുടെമേൽ ദൈവാനുഗ്രഹം ഉണ്ടാകാതിരിക്കയില്ല.

മിക്കയാസ് ഇബ്രാഹിം, കുളത്തിങ്കൽ നിന്നും ഉടനെ തന്നെ മടങ്ങിയെങ്കിലും, അന്നത്തെ ക്ഷീണാധിക്യത്താൽ പൂർവ്വസ്ഥലത്തെത്തുന്നതിനു സാധിച്ചില്ല. പിറേറന്നു് പതിവുപോലെ ശ്മശാനത്തിൽ നിന്നും, ഭിക്ഷയ്ക്കു പുറപ്പെട്ടപ്പോൾ വഴിയരികെ ഒരു കൂട്ടം കുഷ്ഠരോഗികൾ ഇരു

ന്നുകൊണ്ട്, തങ്ങളുടെ കഷ്ടകാലത്തെപ്പറ്റിയും, നഗരത്തിൽ അതിരാവിലെ നടന്ന ചില അത്ഭുതപൂർവ്വസംഭവങ്ങളെക്കുറിച്ചും, സംസാരിച്ചുകൊണ്ടിരിക്കുന്നതു് കാണുന്നതിനിടയായി.

ഒന്നാമൻപറഞ്ഞു. "അയാൾ വരുന്ന അതാ ആ മനുഷ്യനാണു അതു്"

രണ്ടാമൻ പറഞ്ഞു. "ഇവിടെയുള്ള ജനങ്ങളെല്ലാം മാറയന്മാർ തന്നെ സംശയമില്ല. അല്ലെങ്കിൽ ആ ഭ്രാന്തന്റെ ചിത്തഭ്രമങ്ങൾ കേൾപ്പാൻ ഇങ്ങനെ ഓടിയെത്തുമോ"

ഒന്നാമൻ: അയാളുടെ പ്രസംഗസമയത്തു്, 'വിച്ചതരണെ' എന്നു ഞാൻ ഉച്ചത്തിൽ നിലവിളിച്ചു. എനിക്കെന്താ? അത്ര തന്നെ. അയാൾ കേട്ടഭാവംകൂടി നടിച്ചില്ല എങ്കിലും അയാളെക്കൊണ്ട് പ്രസംഗം ഞാൻ ചൊവ്വെ പറയിച്ചില്ല. പക്ഷെ, അയാൾ രോഗങ്ങളെ സൌഖ്യമാക്കുമെന്നു ചിലർ പറയുന്നു. ആതനുസരിച്ച് അയാളെ ഉറക്കെ വിളിച്ചുകൊണ്ട്, "ദീനം പൊറുപ്പിക്കാൻ ചുണയുണ്ടെങ്കിൽ എന്റെ രോഗം ഒന്നു പൊറുപ്പിക്കുക തന്നെ". എന്നു ഞാൻ പറഞ്ഞതു കേട്ടുകൊണ്ട് അയാൾ എന്റെ നേരേ ഒന്നു നോക്കി. ഞാൻ അയാളെ "കൊഞ്ഞനം"കാട്ടി. അതുകണ്ടുകൊണ്ടിരുന്ന പ്രീശന്മാർ സന്തോഷിച്ച് കുറെ ചെമ്പുതുട്ടുകൾ സമ്മാനമായി എനിക്ക് ഇട്ടുതന്നു." ഇങ്ങനെ ഇവർ ഓരോന്നു പറഞ്ഞും ചിരിച്ചും, ഇരിക്കയിലാണു്, മിക്കയാസ് അവരെ കണ്ടതു്. അയാളുടെ ആത്മഗതം ഇങ്ങനെയായിരുന്നു.

"ശോശമ്മയുമൊരുമിച്ച്, ഞാൻ അങ്ങാടിയിൽകൂടി പോവുകയിൽ, ഈ നവീന മനുഷ്യന്റെ പ്രസംഗം കേൾക്കയുണ്ടായല്ലോ. അയാളുടെ പ്രസംഗത്തിനു, മുമ്പൊരിക്കലും അനുഭവിച്ചിട്ടില്ലാത്ത ഒരു ശക്തിയുള്ളതുപോലെ അന്നു് എനിക്കു തോന്നി. ഒരു പക്ഷെ ഇയാളെപ്പറ്റി മനുഷ്യർ പറയുന്നതു് വാസ്തവമായിക്കാം. ഇങ്ങനെ ചിന്താമഗ്നനായിരിക്കുമ്പോൾ ഈ മനുഷ്യൻ എതിരെ വരുന്നതു കണ്ടു. മിക്കയാസ് വിനയത്തോടുകൂടി അടുത്തുചെന്നു് മുട്ടുകുത്തിക്കൊണ്ട് പറഞ്ഞു. "നാഥാ! അങ്ങേയ്ക്കു തിരുവുള്ളമുണ്ടെങ്കിൽ എനിക്കു സുഖമാകും" നവ്യമനുഷ്യൻ, ഇയാളുടെ കഷ്ടാവസ്ഥയേയും ഹൃദയതാപത്തേയും കണ്ടു, അനുകമ്പയോടുകൂടി സ്വകരങ്ങളെ അയാളുടെ ശിരസ്സിൽ വച്ചുകൊണ്ട് "ഞാൻ മനസ്സാകുന്നു, നീ സുഖമുള്ളവനാവുക" എന്നു കല്പിച്ചു. ഉടനെതന്നെ കുഷ്ഠരോഗം അയാളെവിട്ടുമാറി. തന്നെ സ്വസ്ഥപ്പെടുത്തിയതാരാണെന്നുള്ളതിനെപ്പറ്റി ഒരുത്തരോടും പറയരുതെന്നുള്ള പ്രത്യേകം ചട്ടംകെട്ടോടുകൂടി അദ്ദേഹം പറഞ്ഞു. "നീ പോയി പുരോഹിതനെക്കണ്ടു് മോശയുടെ നിയമപ്രകാരമുള്ള പരിഹാരം ചെയ്തു് അദ്ദേഹത്തിന്റെ സാക്ഷിമേടിക്കുക."

കല്പനപോലെ അയാൾ ഉടനെതന്നെ നേരെ യൂദസഭാസമ്മേളനത്തിൽ ചെന്നപ്പോൾ പുരോഹിതന്മാർക്കുണ്ടായ വിസ്മയം, ഊഹ്യമാണു്. കുഷ്ഠരോഗത്തിൽ നിന്നും പൂർണ്ണമായ വിമോചനം പ്രാപിച്ചിരിക്കുന്നുവെന്നുള്ള സാക്ഷിപത്രത്തോടുകൂടി അയാൾ വീട്ടിലേക്കു മടങ്ങി.

മററത്തിൽ കുഴ്യൻ കത്തനാർ.

---

ക്ഷയരോഗികൾ കിടപ്പിന്റെ കാര്യത്തിൽ താഴെപ്പറയുന്ന നിയമങ്ങൾ അനുസരിക്കേണ്ടതാണു്. കിടക്കുന്ന മുറിയുടെ ജനേൽ രാവും പകലും തുറന്നിടണം. ജനേലിനു വല്ല മറശ്ശീലയോ മറ്റോ തൂക്കുന്നുണ്ടെങ്കിൽ അതൊക്കെ അലക്കാവുന്നതായിരിക്കണം. കിടക്ക വിരി മുതലായതെല്ലാം നല്ലവണ്ണം പുഴുങ്ങി അലക്കുന്നതായിരിക്കണം. "ധന്വന്തരി."

ഇററലിയിൽ ഒരുലക്ഷം കുടുംബങ്ങൾ ഈയിട തിരുഹൃദയ പ്രതിഷ്ഠ കഴിച്ചതായി കാണുന്നു.

ഇംഗ്ലണ്ടിൽ കഴിഞ്ഞകൊല്ലം ൧൨൦൯൦ പേർ കത്തോലിക്കസഭയിലേക്കു പ്രവേശിച്ചിട്ടുണ്ടു്.

വെയിൽസു രാജകുമാരൻ അടുത്ത നവംബർമാസത്തിൽ ഇൻഡ്യയിലെത്തുന്നതും നാലു മാസത്തോളം ഇവിടെ താമസിച്ചേക്കുമെന്നും അറിയുന്നു.

# ശ്രീമൂലം ആട്ടത്തിരുനാൾ മംഗളം.

## സമസ്യാപൂരണം.

വഞ്ചിക്ഷ്മാപൽപ്രദം ദുർവഴികളിലുപവേശിച്ചിടാതെയുമുൾപ്പൂ—
വഞ്ചിച്ചുംമട്ടുതക്കം വരുമളവിലമന്ദേന മുന്നോട്ടണച്ചും
വാഞ്ഛിച്ചും സൗഖ്യമേതും പരിചൊടു ഭരണീയൎക്കു ചേൎത്തും വരും ശ്രീ—
"വഞ്ചീശൻ രാമവൎമ്മാവതികുശലയശോരാശിയായ് വാഴ്ക!! നീണാൾ."

സി. ജെ. മേരീദാസൻ. പ്രയോജകൻ.

പുഷ്ടശ്രീ ലാലസിക്കുന്നരിയതിരുവിതാംകൂറുകാരാകവേ തൻ—
പുത്രന്മാരെന്നു ചിന്തിച്ചവരുടെ സുഖസൗഭാഗ്യമെല്ലാം പുലൎത്തി
വന്മോദം ചേൎത്തു രാജ്യം വടിവിനൊടു ഭരിച്ചുല്ലസിക്കുന്ന ധന്യൻ
വഞ്ചീശൻ രാമവൎമ്മാ...

ഏണേക്കാട്ടു യൌസേപ്പു കത്തനാർ.

നെഞ്ചിൽതോഷംവളൎക്കും സുധയൊടു സമമാം വാഗ്വിലാസത്തൊടെന്നും
തഞ്ചാരത്തെത്തി ഭക്ത്യാനതിയരുളുമിളംകൂറുകാരുണ്ണിമാർമേൽ
വാഞ്ഛിക്കുംമട്ടൊരഞ്ചാറിളയിതിലുദയംചെയ്തുകാണ്മാൻ സുശീലൻ
വഞ്ചീശൻ രാമവൎമ്മാ...

കൂൎമ്മററം സ്കറിയാ ഡീക്കൻ.

കെഞ്ചീടുന്നോൎക്കഭീഷ്ടം സകലവുമരുളിസ്സന്തതം തന്മനസ്സിൽ
തഞ്ചീടും ദീനഭാവം കനിവൊടുകളയും കമ്രകല്പപ്രസൂനം
കൊഞ്ചീടും മംഗളശ്രീ പണിയുമൊരു മഹാ പുണ്യപൂൎണ്ണ പ്രതാപൻ
വഞ്ചീശൻ രാമവൎമ്മാ...

പൊൻകുന്നം വി. ജെ. ജോസഫ്.

വഞ്ചീശന്മാൎക്കു പൊട്ടായ് പ്രജകളഖിലവും കുമ്പിടും പുണ്യസത്തായ്
വാഞ്ഛിച്ചീടുന്നതെല്ലാം സുരതരുസമമായ് നൽകിടും സൽപിതാവായ്
നെഞ്ചിൽ കൌതൂഹലം തൻ പ്രജകളിലതുലം ചേൎത്തിടും ഭാഗ്യവാൻ ശ്രീ—
വഞ്ചീശൻ രാമവൎമ്മാ...

ററി. കെ. വൎക്കി, ചേൎത്തല.

കൊഞ്ചീടും കൊച്ചുരാജാവരുളുവതഖിലം കേട്ടു നാട്ടാൎക്കു പാരം
തഞ്ചീടും രക്ഷയേകീട്ടമരസദൃശനായ് 'വഞ്ചി'യേക്കാത്തുകൊൾവാൻ.
അഞ്ചീടും ശക്തിയാലിന്നരിയതിരുവയസ്സെട്ടുമേഴെട്ടുമാളും
വഞ്ചീശൻ രാമവൎമ്മാ...

അതിരമ്പുഴ, സി. എം. സെബാസ്ററ്യൻ.

കൊഞ്ചീടുന്നോരു പുത്രൎക്കുടനെ ജനനിപോൽ സൽപരിഷ്കാരദുഗ്ദ്ധം
തഞ്ചീടും മോദമോടങ്ങവിരതമരുളും ധൎമ്മരാജൻ പ്രതാപൻ
നെഞ്ചീമട്ടാൎക്കുമെന്നും പ്രമദജലധിയിൽ താഴ്ത്തി വിശേഷ! മേലും
വഞ്ചീശൻ രാമവൎമ്മാ...

മുകളയിൽ ജോസഫ് വാദ്ധ്യാർ, നീണ്ടൂർ.

വഞ്ചിക്ഷ്മാവാസമാളും പ്രജകളെയഖിലം ജാതിവൎണ്ണങ്ങൾ നോക്കാ—
തഞ്ചാടാറഞ്ചുമൊന്നും ക്രമമൊടു കലരും വൎഷമായിബ്ഭരിപ്പോൻ
നെഞ്ചിൽ കൂറേറിടും സൽഗുണഗണനിലയം മൂലതാരോൽഭവൻശ്രീ—
വഞ്ചീശൻ രാമവൎമ്മാ...

ററി. മാത്യു, തിരുതാളിൽ.

താതൻ തൻ പുത്രരേപ്പോൽ പ്രജകളെയഖിലം പാലനംചെയ്യുവാനാ
യശ്രാന്തം വേലചെയ്യും നൃപവരതിലകം സൽഗുണാരാമപാലൻ
ജി. സി. യെന്നീ തുടങ്ങിപ്പലവിരുതുകളാൻറുല്ലസിക്കുന്ന ധന്യൻ
വഞ്ചീശൻ രാമവർമ്മാ...

ശാസ്താംകോട്ട, എ. അൻറണി ഫ്രണാണ്ടസ്.

അഞ്ചീടും വഞ്ചിനാട്ടാർക്കനുപമസുഗുണക്ഷേമജാലങ്ങളെന്നും
തഞ്ചീടാൻ നെഞ്ചിലേററം പ്രിയമൊടു പരിയതിക്കുമീമൂലരത്നം
കൊഞ്ചീടും ഭാഗിനേയത്തിലകരൊടൊരുമിച്ചാത്തമോദം കലന്നീ
വഞ്ചീശൻ രാമവർമ്മാ...

പി. മാത്യു, കാക്കനാട്ടു, ആയവന.

അഞ്ചാ"തയ്യാ", "മഹാത്മാ" പവനനിലുലയാതുററ സന്മാർഗ്ഗമോതി-
ത്തഞ്ചത്തിൽ സഞ്ചരിപ്പിച്ചുരുതരസുഖമാമക്കരെയ്ക്കാക്കചാനായ്
വഞ്ചിനാമാഢ്യചേരും ധരയുടെയമരക്കാരനായ് ലാലസിക്കും
വഞ്ചീശൻ രാമവർമ്മാ...

ആറാട്ടു ഫ്രാൻസീസ്.

വഞ്ചിത്തൻ, രാഘവാഢ്യൻ, സചിവമണിമഹാധീരനോടൊത്തുസൌഖ്യം
തഞ്ചിക്കുംമട്ടു നാനാവിധ പുതിയ പരിഷ്കാരദീപങ്ങൾ ചാർത്തി,
നെഞ്ചിൽസ്സന്താപമാക്കും പൊടിവതിനിടയേകാതെ രാജ്യം ഭരിക്കും
വഞ്ചീശൻ രാമവർമ്മാ... കേ. ജോസഫ്, മുണ്ടശ്ശേരി.

നവംബർ– "മരിച്ചവരുടെ വിലാപം."

---

## തിരുഹൃദയ ഭക്തന്മാർ ൧൯൨൫ തുലാമാസത്തിൽ വെക്കേണ്ട പൊതു നിയോഗം.



"ജപ അപ്പസ്തോലാത്തുസ് സഭയുടെ പ്രചാരം."

പ്രാർത്ഥന വഴിയായി അപ്പസ്തോലിക ജോലികളെ നിർവ്വഹിക്കുന്നതിന്നും തദ്വാരാ ഈശോയുടെ തിരുഹൃദയത്തിന്റെ അഭിഗ്രഹനിവൃത്തി വരുത്തിക്കൊടുക്കുന്നതിന്നുമായി സ്ഥാപിക്കപ്പെട്ടിട്ടുള്ള ഒരു ഭക്തസഖ്യമാണ് ജപ അപ്പസ്തോലാത്തുസ് സഭ അഥവാ, തിരുഹൃദയസഖ്യം എന്ന പേരിൻകീഴ അറിയപ്പെടുന്നതു്. ൧൮൪൪-ാമാണ്ടു ഫ്രാൻസു രാജ്യത്തിലാണ് ഇതിന്റെ ആരംഭം. എങ്കിലും ൧൮൬൬-ൽ ഒൻപതാം പീയൂസു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടാണ് ഇതിന്റെ ക്രമങ്ങളെ മുറപ്രകാരം അംഗീകരിച്ചുറപ്പിച്ചതു്. പതിനേഴ കൊല്ലങ്ങളുടെ ശേഷം പതിമ്മൂന്നാം ലെയോൻ മാർപ്പാപ്പാ ഈ ക്രമങ്ങളെ ഒന്നുകൂടി പരിഷ്കരിക്കയുണ്ടായി. നവീകരിക്കപ്പെട്ട പ്രസ്തുതക്രമച്ചട്ടങ്ങൾ തന്നെയാണ് ഇപ്പോൾ നടപ്പിലിരിക്കുന്നതു്.

അതിൻപ്രകാരം സഖ്യത്തിന്നു മൂന്നു പദവികളുണ്ടു്. പ്രതിദിനമുള്ള ജപങ്ങളും വേലജോലികളും പാടുപീഡകളുമെല്ലാം തിരുഹൃദയത്തിന്റെ നിയോഗപ്രകാരം രാവിലെ കാഴ്ചവയ്ക്കുന്നതിൽ ഒന്നാമത്തെ പദവി അടങ്ങിയിരിക്കുന്നു. രണ്ടാമത്തെ പദവിയിൽ ഇതിന്നു പുറമേ, അതാതുമാസത്തിൽ പരിശുദ്ധ പിതാവു നിശ്ചയിക്കുന്ന പൊതുനിയോഗത്തിനായി പ്രതിദിവസം ജപമാലയുടെ ഒരു ര

ഹസ്യം ചൊല്ലേണ്ടിയിരിക്കുന്നു. മൂന്നാമത്തെ പദവിക്കാർ മേല്പറഞ്ഞ രണ്ടു കാര്യങ്ങൾക്കു പുറമേ, മാസംതോറും അഥവാ ആഴ്ചതോറും, നിശ്ചയിക്കപ്പെടുന്ന ഓരോ ദിവസം പരിഹാര കുർബാന കൈക്കൊള്ളുപ്പാടു കഴിക്കണം. റോമ്മായിലുള്ള ഈശോസഭക്കാരുടെ പൊതുശ്രേഷ്ഠനാണ് ഈ സഭയുടെ മേലന്വേഷണം. ആ ദേഹത്തിന്റെ കീഴിലായി ഓരോ സ്ഥലങ്ങളിലേക്കു രൂപതാദ്ധ്യക്ഷന്മാരും, അവർക്കു കീഴായി പ്രാദേശികാദ്ധ്യക്ഷന്മാരുമുണ്ട്. പ്രാദേശികാദ്ധ്യക്ഷന്മാരുടെ മേൽനോട്ടത്തിൽ പത്തോ പതിനഞ്ചോ വീതം സഭാംഗങ്ങൾക്ക് ഒരു ശുശ്രൂഷാന്തിക്കാരൻ വീതം നിയമിക്കപ്പെടുന്നു. ഈ ശുശ്രൂഷാന്തിക്കാർ വഴിയ്ക്കാണ് ഓരോ പ്രാദേശികാദ്ധ്യക്ഷനും തന്റെ കീഴുള്ള അംഗങ്ങൾക്കു മാസനിയോഗം അറിയിച്ചുകൊടുക്കുക, ജപമാല രഹസ്യങ്ങൾ നിശ്ചയിച്ചുകൊടുക്കുക, ദിവ്യകാരുണ്യസ്വീകരണദിവസം ക്രമപ്പെടുത്തുക എന്നിത്യാദി കാര്യങ്ങൾ നടത്തുന്നത്. സഖ്യം സംബന്ധിച്ച വിവരങ്ങൾ അപ്പഴപ്പോൾ സഭാംഗങ്ങൾക്കു അറിവുകൊടുത്ത് ഉത്സാഹിപ്പിക്കുന്നതിലേക്കു തന്നെ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന മുപ്പതിൽപ്പരം "തിരുഹൃദയദൂതൻ" പത്രങ്ങൾ പല ഭാഷകളിലായി നടത്തിവരുന്നുണ്ട്. പത്തുകൊല്ലങ്ങൾക്കു മുമ്പുള്ള ഒരു കണക്കിൻപ്രകാരം ഈ സഭ സ്ഥാപിക്കപ്പെട്ടിട്ടുള്ള ൩൨൫൦൦ സ്ഥലങ്ങളിലായി രണ്ടുകോടി ൫൦ ലക്ഷത്തിൽപ്പരം അംഗങ്ങളാണ് ഇതിൽ ഉണ്ടായിരുന്നത്. ഇപ്പോൾ ഈ സംഖ്യ എത്രയോ ശതമാനം വർദ്ധിച്ചിരിക്കണം. ആകപ്പാടെ ഇത്ര ഊർജ്ജിതമായും ഫലപ്രദമായും നടത്തപ്പെടുന്ന സഖ്യങ്ങൾ തിരുസഭയിൽ വേറെ അധികം ഇല്ലെന്നു തന്നെ പറയണം.

ഇത്ര മഹാ വലിയ ഈ സൈന്യത്തിന്റെ ഒന്നുചേർന്നുള്ള പ്രാർത്ഥനായുദ്ധം വഴിയായി തിരുസഭയ്ക്കു പല വിജയങ്ങൾ സിദ്ധിച്ചിട്ടുള്ളതും ഇനി സിദ്ധിക്കാനുള്ളതുമാകുന്നു. ലോകത്തിന്റെ പൊതുവേയുള്ള ആവശ്യങ്ങൾക്കു ഇപ്രകാരം ഉപകരിക്കുന്നതോടുകൂടെ ഓരോരുത്തന്റെ ആത്മശുദ്ധീകരണ ജോലിയും ഈ സഭ സവിശേഷം നിർവഹിക്കുന്നു. ലോകരക്ഷകൻ ഭൂമിയിൽ എരിയിക്കുന്നതിനായിട്ടു വരുന്ന ആ ദിവ്യസ്നേഹാഗ്നി സർവ്വത്ര ജ്വലിപ്പിക്കുന്നതിന്നു ഇതു തക്ക മാർഗ്ഗമായിട്ടാണിരിക്കുന്നതു്. ആകയാൽ ഈ സഭ മേല്ക്കുമേൽ പ്രചാരപ്പെട്ടുവരുന്നതിന്നു തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ പ്രത്യേകം പ്രാർത്ഥിക്കണം.

വൃശ്ചികമാസം "Quam Singulare എന്ന തിരുവെഴുത്തു നന്നായി അറിഞ്ഞു നടപ്പിൽ വരുത്തുക."

## കുറിപ്പുകളും വർത്തമാനങ്ങളും.

### ആട്ടത്തിരുനാൾ.

തിരുവിതാംകൂർ രാജ്യവാസികളായ എല്ലാ ജാതിമതസ്ഥന്മാരും ഉൽക്കണ്ഠാപൂർവ്വം പ്രതിവർഷം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ആ മഹാ മഹം ഇക്കൊല്ലവും ഇതാ വന്നെത്തിയിരിക്കുന്നു. ഭാഗ്യവാരാന്നിധിയും പ്രജാക്ഷേമൈകതല്പരനുമായ പൊന്നുതമ്പുരാൻ തിരുമനസ്സിലെ ഈ തിരുനാളാഘോഷാവസരത്തിൽ ഭൂമിയിൽനിന്നു ആകാശത്തിലേക്കു പെയ്യുന്ന പ്രാർത്ഥനാകുസുമവർഷത്തോടുകൂടി, "വഞ്ചീശൻ രാമവർമ്മാവതി കുശലയശോരാശിയായ് വാഴ്ക നീണാൾ" എന്നുള്ള നിഷ്കന്മഷമായ "കമ്മേലകുസുമാ"ർത്ഥനവും ദൈവതിരുസന്നിധിയിൽ നിവർത്തിക്കുമാറാകട്ടെ!

### മദ്യപാനനിരോധം

ഇപ്പോൾ എല്ലായിടത്തും ഒരു പ്രസംഗവിഷയമായിത്തീർന്നിരിക്കയാണ്. ചിലടത്തു പ്രവൃത്തിവിഷയവുമായിട്ടുണ്ടെന്നുള്ളതു അത്യന്തം ആശ്വാസപ്രദം തന്നെ. ഗാന്ധി മുതൽപേരുടെ ശ്രമത്തിനും പുറ

മേ അമേരിക്കയിൽ നിന്നു ഇൻഡ്യയിലെത്തിയിട്ടുള്ള മിസ്റ്റർ ജോൺസൺ എന്ന ദേഹത്തിൻെറ പ്രസംഗങ്ങളും മധുവജ്ജനവിഷയത്തിൽ ഇൻഡ്യക്കാക്കു പൊതുവേ ഒരുണർച്ചവരുത്തിയിട്ടുണ്ട്. നമ്മുടെ കേരളത്തിൽ ഇതേസംബന്ധിച്ച ഇടക്കാലത്തുണ്ടായിട്ടുള്ള അഭൂതപൂർവ്വമായ ഒരു ഇളക്കം വിടാതെ കൊണ്ടുപോയാൽ തക്കഫലം അതിൽനിന്നുളവാകുന്നതാണ്. ചില സ്ഥലങ്ങളിൽ ക്രിസ്ത്യാനികളും ക്രിസ്ത്യേതരരും ഒരുപോലെ ഇതിലേക്കു തുനിഞ്ഞിറങ്ങിയിട്ടുള്ളതിനാൽ ഈ ബാധ ഒഴിച്ചുവിടാൻ ഇപ്പോൾനോക്കിയാൽ സാധിക്കും. നിശ്ചയങ്ങൾചെയ്തതുകൊണ്ടായില്ല; അതുകൾനടപ്പിൽവരുത്തണം. തേവര, പെരുമാനൂർ മുതലായ ചില സ്ഥലങ്ങളിൽ ഈ അടുത്ത ദിവസങ്ങളിൽതന്നെ ചിലമാന്യന്മാരുടെ ഉത്സാഹത്താൽ പ്രബലപ്പെട്ടുവരുന്ന മധുവജ്ജനശ്രമങ്ങളെപ്പററി ഒരു വിശ്വസ്തൻ ഞങ്ങൾക്കു എഴുതിയിരുന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ് തൽക്കാലം ഞങ്ങൾ ഇത്രയും പറവാനിടയായതു്. ഏതദ്വിഷയകമായി പരിശ്രമിച്ചുവരുന്ന മഹത്തുക്കളെ ഞങ്ങൾ അത്യന്തം അഭിനന്ദിക്കുന്നു. ശ്രമിച്ചാൽ സാധിക്കാത്ത കാര്യമല്ലിതു. പ്രബലന്മാരായ ബ്രിട്ടീഷ് ഗവമ്മേണ്ടിനെ ഓടിച്ചു സ്വരാജ്യം 'നാളെ'കയ്യിലാക്കാമെന്നു ശഠിക്കുന്ന 'മഹാത്മാ'ക്കളുടെ ശ്രമത്തേക്കാൾ ഇതെത്രയോ എളുപ്പമുള്ളതു! സാധിച്ചാലുള്ള ഫലമോ എത്ര അഭിലഷണീയം!!

### തൊണ്ണൂറെറട്ടു.

കേരളീയ കർമ്മലീത്താ സഭ സ്ഥാപിച്ചിട്ടു ഇപ്പോൾ തൊണ്ണൂറു വർഷം കഴിഞ്ഞിരിക്കുന്നു. സഭയിൽ നൂറു പട്ടക്കാർ തികഞ്ഞുകാണ്മാൻ ഇതേവരെ സാധിച്ചിട്ടില്ല. കഴിഞ്ഞമാസം ൨൨-ാംനു- (പള്ളിപ്പുറത്തു കടവിൽ) ബ. പൌലീനോസച്ചൻ, (വാഴക്കുളത്തുവടക്കുംപാടത്തു)ബ. ലെയോനച്ചൻ (വൈക്കത്തു പുത്തനങ്ങാടി) ബ. ഇസഹാക്കച്ചൻ എന്ന മൂന്നു നവവൈദികർ നി. വ. ദിവ്യശ്രീ എല്ലാകുളം മെത്രാനച്ചൻ തിരുമനസ്സിൽനിന്നും, (പുളിങ്കുന്നു പോളേത്തെക്കേടം) ബ. ഹെനറീക്കോസച്ചൻ നി. വ. ദിവ്യശ്രീ കയ്യാളശ്ശേരി മെത്രാനച്ചൻ തിരുമനസ്സിൽനിന്നും കുറുബാനപ്പട്ടമേററതിനോടെ സഭയിൽ തൊണ്ണൂറെറാമ്പതു അച്ചന്മാരുണ്ടായതാണ്. അതിൻെറശേഷം ബ. പ്രദീക്കോസച്ചൻ പരലോകപ്രാപ്തനാകയുണ്ടായി. അതിനാലിപ്പോൾ സഭയിൽ തൊണ്ണൂറെറട്ടു പട്ടക്കാരുണ്ടായിരിക്കുന്നു. അചിരേണ നൂറു തികഞ്ഞുകാണ്മാൻ പ്രാത്ഥിക്കുന്നതോടുകൂടെ നവവൈദികക്കു നാലുപേക്കും ഞങ്ങൾ സവ്വവിജയവും ആശംസിച്ചുകൊള്ളുന്നു.

### ആഞ്ഞിലിത്തടി.

പ്ലാവ്, പൂവരശു മുതലായവയോടുകൂടെ രാജകീയവൃക്ഷമാക്കിത്തീക്കാൻ പോകുന്നെന്നുകേട്ട ശ്രുതി അടിസ്ഥാന രഹിതമാണെന്നു ഇപ്പോൾ ഗവമ്മേണ്ടിൽനിന്നു പരസ്യം ചെയ്തിരിക്കുന്നു. അതിനാൽ ഇനിയെങ്കിലും ആ സാധുമരങ്ങളെ വൃഥാ വെട്ടിയൊടുക്കാതെയിരിപ്പാൻ ശ്രമിച്ചാൽ കൊള്ളാം. ഈ മാതിരി ബഹളങ്ങൾ മുമ്പും പലതവണയുണ്ടായിട്ടുള്ളതാണ്. എന്നിട്ടും പഠിക്കാത്തതാണത്ഭുതം!

### മാനസാന്തരസഖ്യം.

“കേരളീയകത്തോലിക്കരിൽ മതപ്രചാരാസക്തി വദ്ധിപ്പിക്കുന്നതിന്നും” “വേദപ്രചാരണാത്ഥം പ്രവത്തിക്കുന്നവക്കു വേദാന്തങ്ങളിലും സഭാചരിത്രങ്ങളിലും ഏകദേശജ്ഞാനമെങ്കിലും സിദ്ധിച്ചിരിക്കേണ്ടതു അത്യാവശ്യമാകയാൽ ഏവംവിധങ്ങളായ ജ്ഞാനസമ്പാദനത്തിന്നു വേണ്ട സഹായങ്ങൾ നൽകുന്നതിന്നും” “അകത്തോലിക്കരേ സുവിശേഷ വെളിച്ചത്താൽ സത്യപന്ഥാവിലേക്കു ആനയിക്കുന്നതിനു„മായി വരാപ്പുഴ പുത്തൻപള്ളി സെമ്മനാരിയിൽ ഒരു സഖ്യം ആരംഭിച്ചിരിക്കുന്നതായറിഞ്ഞു ഞങ്ങൾ സന്തോഷിക്കുന്നു. സഖ്യംവകയായി പ്രസിദ്ധപ്പെടുത്താൻ നിശ്ചയിച്ചിട്ടുള്ള ലഘുലേഖകളിൽ ഒന്നാമത്തേതായി പുറപ്പെടുവിച്ചിരിക്കുന്ന സഖ്യനിബന്ധനകളടങ്ങിയ ഒരു ചെറുപുസ്തകം പുത്തൻപള്ളി സെമ്മിനാരിയിൽ ഇതിൻെറ അദ്ധ്യക്ഷനോടു എഴുതിച്ചോദിച്ചാൽ ഒരണവിലയ്ക്കു കിട്ടുന്നതാണ്. സെമ്മിനാരിക്കാരുടെ ഈ ഉദ്യമം ശ്ലാഘനീയമായിരിക്കുന്നു.

## മനോഗുണ വിവരങ്ങൾ.

ഈ ചുരുക്കമായി ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിലേക്ക ഒരു രൂപാ മുമ്പേറടച്ചിരിക്കണം.

ചെങ്ങളത്തെ മാർ അന്തോനീസു പുണ്യവാൻെറ സഹായത്താൽ ദീർഘകാലത്തെ പഴക്കമുള്ള എൻെറ ഉദരവ്യാധി സുഖപ്പെട്ടതിനു ഉപകാരസ്മരണ.

വി. വി. ററി. കുമ്പളങ്ങി.

വിജയത്തിനു ശരണമില്ലാതെയിരുന്ന പരീക്ഷയിൽ തിരുഹൃദയത്തോടുള്ള മുട്ടിപ്പായ പ്രാർത്ഥനയാൽ ജയംപ്രാപിച്ചിരിക്കുന്നതിൻെറ കൃതജ്ഞതാസൂചകം.

എൻ. വി. ആർ. കോതമംഗലം.

കുറുപ്പുന്തറയുള്ള മണ്ണാരപ്പാറപ്പള്ളിയിലെ വി. അന്തോനീസിനെ നേർച്ചനേന്ന രോഗശാന്തി ലഭിച്ചതിനു ഉപകാരസ്മരണചെയ്തുകൊള്ളുന്നു. ഫാദർ സി. പി.

മാർ അന്തോനീസിൻെറ മാദ്ധ്യസ്ഥത്താൽ എൻെറ കഠിനജ്വരം നീങ്ങിയിരിക്കുന്നതിനെക്കുറിച്ചു ഉപകാരസ്മരണ ചെയ്യുന്നു. സി. ജി. കട്ടത്തുരുത്തി.

എനിക്ക പിടിപെട്ട കഠിനരോഗം ചെങ്ങളം മാർ അന്തോനീസിൻെറയും തിരുഹൃദയത്തിൻെറയും അനുഗ്രഹത്താൽ സുഖപ്പെട്ടതിനെക്കുറിച്ചു ഞാൻ കൃതജ്ഞനായിരിക്കുന്നു. എസ്. സിലോൺ.

ദൈവജനനിയുടേയും അന്തോനീസുപുണ്യവാൻെറയും സഹായത്താൽ ലഭിച്ച രോഗശമനത്തിനു ഉപകാരസ്മരണ. കെ. ഐ. ജേ. വടയാർ.

തിരുഹൃദയത്തോടും വി. അന്തോനീസിനോടും അപേക്ഷിച്ചു രണ്ടുപേരുടെ അസാദ്ധ്യരോഗങ്ങൾ സുഖപ്പെട്ടതിനായി നന്ദിപറയുന്നു. ആരക്കുഴമഠത്തിൻ ശ്രേ:

പൈങ്ങട്ടൂർ മാർ അന്തോനീസിൻെറ സഹായത്താൽ പതിവുപോലെയുള്ള വിഷമങ്ങളൊന്നും കൂടാതെ എൻെറ ഭാര്യ പ്രസവിച്ചതിനേക്കുറിച്ച് എൻെറ മദ്ധ്യസ്ഥനു നന്ദി പറഞ്ഞുകൊള്ളുന്നു.

കെ. എം. ഡി കലവൂർ.

സുഖമായി പ്രസവം കഴിഞ്ഞതിനു അന്തോനീസുപുണ്യവാനു ഉപകാരസ്മരണ. എം. ററി. മാപ്പ്രാത്തുരുത്തു.

എൻെറ മകളുടെ കുട്ടിയ്ക്കു പിടിപെട്ട അസാദ്ധ്യ വ്യാധി ചെങ്ങളത്തെ അന്തോനീസു പുണ്യവാൻെറ സഹായത്താൽ സുഖപ്പെട്ടിരിക്കുന്നു.

കെ. ററി. വി. പെരിങ്ങുഴ.

മാർ അന്തോനീസിൻെറ സഹായത്താൽ പരീക്ഷയിൽ വിജയംപ്രാപിച്ചതിനു ഉപകാരസ്മരണ. എം. എ. എ ഒല്ലൂർ.

## ചരമവാർത്തകൾ.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കു വേണ്ടി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

(1) എലഞ്ഞിപ്പള്ളിയിടവക കുമ്പളോംതടത്തിൽ ഏലി 97 വയസ്സ്. (2) പൊൻകുന്നം പള്ളിയിടവക ഏണേക്കാട്ടു ബ. യൌസേപ്പച്ചൻ അവർകളുടെ മാതാമഹി മറിയം ആഗസ്റ്റ് 24നു- ബുധനാഴ്ച രാത്രി 82 വയസ്സ്. (3) കുടമാളൂർ ഇടവക മുകളേൽ വറുഗീസ് ആഗസ്റ്റ് 29നു- 78 വയസ്സ്. (4) വടകരയിടവക കണിയാമററത്തിൽ അന്ന ആഗസ്റ്റ് 30നു- 32 വയസ്സ്. (5) വൈക്കത്തുപള്ളിയിടവക പടിക്കപ്പറമ്പിൽ ജോൺ അവർകളുടെ ഭാര്യ ഏലിക്കുട്ടി ആഗസ്റ്റ് 31നു- 24 വയസ്സ്. (6) പൂഞ്ഞത്തോട്ടു പള്ളിയിടവക കളരിപ്പറമ്പിൽ ബ. ദേവസ്യാ ശമ്മാശ്ശനവർകളുടെ മാതാവും, ആലക്കളത്തിൽ ബ. മത്തായി അച്ചൻ അവർകളുടെ ഇളയമ്മയും, പാലാത്തു ബ. മത്തായി അച്ചൻ അവർകളുടെ സഹോദരിയുമായ പുന്നത്താനത്തു കുരുവിള മറിയം സെപ്ററംബർ 5നു- 60 വയസ്സ്. (7) കരകുന്നം ഇടവക വെളയപ്പള്ളിൽ വീട്ടിൽ ചാക്കോയുടെ മകൾ റോസ സെപ്ററംബർ 10നു- (8) കാഞ്ഞിരപ്പള്ളിയിടവക മുഞ്ഞനാട്ടു വറുഗീസു ദേവസ്യാ സെപ്ററംബർ 10നു- 62 വയസ്സ്. (9) മുത്തലപുരം പള്ളിയിടവക കാട്ടറേത്തു അന്ന സെപ്ററംബർ 11നു- 64 വയസ്സ്. (10) കുടമാളൂർ പള്ളിയിടവക കല്ലുവെട്ടാംകുഴി മത്തായി സെപ്ററംബർ 25നു- 49 വയസ്സ്.

# പഞ്ചാംഗം.

ഞായറാഴ്ച അക്ഷരം .ച    .൧൦൯൭ ൧൧൦൨    എപ്പാക്ത്തി .൨൧

## ൧൯൨൧ ഒക്ടോബർ – ൯൭ കന്നി - തുലാം.

മാലാഖാമാരുടെ വണക്കമാസം.

ഈ മാസത്തിൽ ൫ ൨ മണി ജപം ദേവാലയത്തിൽ കൂട്ടമായിട്ടു എത്തിക്കയോ, തക്ക കാരണത്താൽ പാടില്ലാത്തപക്ഷം തനിച്ചെത്തിക്കയോ ചെയ്യുന്നവർക്ക് ഓരോ പ്രാവശ്യം ൭ ആ. ൭ മണ്ഡ. ദ. വി. വിശേഷിച്ചു പള്ളിയിലാകട്ടെ, വശഹീനർ തനിച്ചാകട്ടെ ൧൦ നാൾ എങ്കിലും ജപമാല എത്തിച്ച് ശേഷം ക്രമമുള്ളതും ചെയ്താൽ പൂ. ദ. വി.

| | | | | |
|---|---|---|---|---|
| 1 | 15 ◉ | ശ | അം. മെ൪. റെമീജി. ന. ആ. കു. വെ. | വെം |
| 2 | 16 | ഞാ | ✠ പന്ത. ൨൦-ാം ഞാ. (കൊന്തമാതാ. ✻ ൧൨ വെ.) ൭൨ .൯ .൫ | വം |
| 3 | 17 | തി | † കാവൽമാലാഖാ ന. ആ. കു. വെ. (ഇന്നലെ) | വെം |
| 4 | 18 | ചൊ | മെ൪. പ്രാൻസീസ്സ്ലാസ് ന. ആ. കു. വെ. | വെം |
| 5 | 19 | ബു | വേദ. പ്ലാസിയോസും കൂട്ടരും. ന. ആ. കു. വെ. | ചും |
| 6 | 20 | വ്യാ | † മെ൪. ബ്രൂനോ. ന. ആ. കു. വെ. | വെം |
| | | | ത്രേസ്യാ പുണ്യവതിയുടെ നവനാൾ തുടങ്ങുന്നു. | |
| 7 | 21 | വെ | പാ. വേ. മർക്കോസ. ന. ആ. കു. വെ. | ചും |
| 8 | 22 | ശ | † വി. ബ്രിജീത്താ. ന. ആ. കു. വെ. | വെം |
| 9 | 23 | ഞാ | ✠ പന്ത. ൨൧-ാം. (ക. മറി. ദിവ്യമാതൃ. ✻ ൧൨ വെ) .൭൫ ൨ ൨ | വം |
| 10 | 24 | തി | † മെ൪. പ്രാൻസി. ബോർജിയാ. ന. ആ. കു. വെ. | വെം |
| 11 | 25 | ചൊ | വേ. ദിവന്യാ. കൂട്ടരും. ന. ആ. കു. വെ. (ഈ മാ. ൯) | ചും |
| 12 | 26 | ബു | † അം. മെ൪ തോമ്മാ വില്ല ന. ആ. കു വെ. (സെപ. ൨൨.) | വെം |
| 13 | 27 | വ്യാ | † മെ൪. എഡ്വാർഡ്. ന. ആ. കു. വെ. | വെം |
| 14 | 28 | വെ | പാ. വേ. കല്ലിസ്റ്റോ. ന. ആ. കു. വെ. | ചും |
| 15 | 29 | ശ | † കന്യ. ത്രേസ്യാ. ന. ആ. കു. വെ (കമ്മ. സ. അമ. സ. പൂ. ദ. വി) | വെം |
| | | | ചങ്ങനാശ്ശേരി, കാവാലം ഈ പള്ളികളിൽ പ്രധാന തിരുനാൾ. | |
| 16 | 30 ◉ | ഞാ | ✠ പന്ത. ൨൨-ാം (ക മറി. ശുദ്ധത ✻ ൧൨ വെ.) ൭൦ ൭ .൫ | വം |
| 17 | 1 | തി | † ക. മർഗ്ഗരീത്താ മറിയം ന. ആ. കു. വെ. | വെം |
| 18 | 2 | ചൊ | വി. ലൂക്കാ ഏവൻഗേലീസ്താ. ന. ആ. കു. വെ. | ചും |
| 19 | 3 | ബു | † മെ൪. പത്രോസ് അൽക്കാന്ത്ര. ന. ആ. കു. വെ. | വെം |
| 20 | 4 | വ്യാ | † മെ൪. യോഹന്നാൻ ന. ആ. കു. വെ. | വെം |
| 21 | 5 | വെ | മെ൪. ഹില്ലാരിയോൻ ന. ആ. കു. വെ. | വെം |
| 22 | 6 | ശ | † വിശു. ശാലോം മറിയം. ന. ആ. കു. വെ. | വെം |
| 23 | 7 | ഞാ | ✠ പന്ത. ൨൩-ാം ഞാ. ന. കു. ആ. ൭൨ ൭ .൨ | വം |
| | | | ☞ വ്യാഴം മാംസവർജ്ജന പള്ളിയിൽ അറിയിക്കണം. | |
| 24 | 8 | തി | † റപ്പായേൽ മാലാഖാ. ന. ആ. കു. വെ. | വെം |
| 25 | 9 | ചൊ | വേദ. ക്രോസാ. കൂട്ട ന. ആ. കു. വെ. | ചും |
| 26 | 10 | ബു | പാ. വേ. എവരിസ്റ്റോസ് ന. ആ. കു. വെ. | ചും |
| 27 | 11 | വ്യാ | വിശു. ശെമഓൻ യൂദാ ശ്ലീ. തലേ. ന. ആ. കു. ത. (ഇ. വി.) | റോം |
| 28 | 12 | വെ | (✠) വിശു. ശെമഓൻ യൂദാ ശ്ലീഹാ. ന. കു. വെ. | ചും |
| 29 | 13 | ശ | † വി. രാജ്ഞി ഹെദ്. ന. ആ. കു. വെ. (ഈ മാ. ൧൦) | വെം |
| 30 | 14 | ഞാ | ✠ പന്ത. ൨൪-ാം ഞാ. ന. ആ. കു. ദന ൪-ാം ഞാ. .൭൫ ൯ .൫ | വം |
| | | | ☞ തിങ്കൾ മാംസവർജ്ജന, ചൊവ്വാ തിരുനാൾക്കടം പള്ളിയിൽ അറി. | |
| 31 | 15 | തി | സകല ശുദ്ധ. തലേ. ന. ആ. കു. ത. (ഇ. വി.) | റോം |

Printed and published for the proprietor by P. K. Joseph, at
St, Joseph's Press, Mannanam, 1921,

JUST ARRIVED NEW GERMAN STOCK.

# T. LOUIS & Co.

## CATHOLIC WAREHOUSE.

### TRICHINOPOLY.

Statues. Ivory, Coloured plaster, Porcelein. Holy Wooden Crosses in Plaster & Nickel Figure. Candlesticks, Lamps. Celluliod Coloured Crucifixes, Book Pictures Celluliod Frame Pictures.

Statues.- Ivory height 8½", 12", 16", Rs. 1-8-0 3, 5, each.

In Bronze decoration 12", 16", 20" Rs. 6, 9-8-0, 13-8-0

Coloured Plaster. 8½", 12", 16", 20" & 24", Rs. 2-8, 5, 7-8, 13 & 18.

Porcelein assorted pattern. 7", 9", 10", 11", 12" & 16", Rs. 1, 1-8, 2-4, 2-12, 3-4, 5.

Porcelein Angels Pair Rs. 2 & 2-8. Plaster Angels Pair Rs. 4-8.

Xmas Crib Statues set of three 5", Rs. 4, set 8", Rs. 8. 12", Rs. 16.

Spare Infant Jesus with cradle 3", 6" & 8". Rs. 1, 3, 5 each.

Hanging Angels for Cribs 6" & 10", Rs. 2-8, & 4-8, each.

Shepherds 3 sorts 6" Rs, 2, 9, Rs. 3. each. Animals Rs. 2-8. per set.

Complete set of Xmas Crib consisting of 12 figures 9", 12", Rs. 24, 35.

Holy Water Fonts. Nickel each Rs. 2-4, Metal fonts 2-4, 2-12, 3, 3-8, 5.

Porcelein Fonts of different figures & assorted sizes each 0-8-0, 1, 1-4. 1-12, 2-4.

Crucifixes Nickel to stand each Rs. 2-8, 4-8, 5, 6, 8.

Wooden crosses to stand or to hang with Nickel or plaster figure 10", 12", 14", 16" 18", 20", 24", 28". Rs. 1-8, 2-8, 3-4, 4, 5, 6.

Ivory figure 3" 4. 5, 6. 8-8, 10, 12, 18.

Candle Sticks white metal pair Rs, 3, 3-8, 5, 7-8.

Sanctuary Lamps each Rs. 1-8, 2-4, 2-8, 3.

Celluloid card coloured Crucifixes 12". each Rs. 1.

Celluloid Embossed Gold bordered framed pictures assorted pattern each Rs. 1, 1-10, 2-8.

Book Pictures. Cut out Religious assorted sizes 300 to 400 in a box Each Rs. 4.

Sheet pictures 10, 12, 20, 36. 80, 106, 480, 720, pictures in each sheet Rs. 2. each sheet.

Packet of 100 assorted pictures (superior to Italy & Swiss pictures) Rs. 2-4.

Lace pictures assorted sorts dozen Rs. 1-2.

Rosaries Mother of Pearl each Rs. 3, 3-4, 3-8.

Superior Coco silver chain & cross Rs. 1. 1-4, & 1-8.

N. B:— Special discounts offered to wholesale buyers. Apply for detailed catalogue for Medals Rosaries Scapulars. pictures etc.

Registered No. M. 365. No: T. 22.

## കർമ്മലദീപിക.

### അഥവാ ദൈവജനനിയുടെ ഉത്തരീയവണക്കം.

എന്ന നൂതനഗ്രന്ഥം ഉടനെ പ്രസിദ്ധപ്പെടുത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. പരിശുദ്ധ മാതാവിന്റെ ഭക്തന്മാരും വെന്തീഞ്ഞധാരികളുമായ വിശ്വാ[illegible] വളരെ സംഗതികൾ അടങ്ങിയ ഈ പുസ്തകം കർക്കടക [illegible]ണക്കമായി ഉപയോഗിക്കുന്നതിന് നി. വ. ദി. ശ്രീ. കുര്യാളശ്ശേരി [illegible]ത്രാനച്ചൻ തിരുമനസ്സുകൊണ്ട് കല്പിച്ചനുവദിച്ചിട്ടുള്ളതുമാകുന്നു. [illegible] ദിവസത്തിനകം പേർ രജിസ്റ്റർ ചെയ്യുന്ന ആയിരം ആളുകൾക്ക് [illegible] തൊത്ത ലാഭമുണ്ടാകാതെ വിലമാത്രം വാങ്ങി വി. പി. അയച്ചുകൊടുക്കുന്നതാകുന്നു.

അപേക്ഷിക്കേണ്ടുന്ന വിലാസം:—

പൊന്നാമറ്റത്തിൽ ജോസഫ് മാപ്പിള

രാമപുരം, പാലാ.

## മാന്നാനം അച്ചുക്കൂടത്തിൽ വില്പാനുള്ള പുസ്തകങ്ങളുടെ പേരവിവരം.

33 കത്തോലിക്കാപ്പരിശ്രമം.
34 കുടുംബക്രമം, (തുകൽ ബൈൻഡ്)
35 ധർമ്മപ്രബോധനം.
36 ജപമാല.
37 ദേവമാതാവിൻ വണക്കമാസം.
38 വ്യാകുലമാതാ: വണക്കമാസം.
39 യൗസേപ്പുപിതാവിൻ വണക്കമാസം.
ടി. രണ്ടും കൂടി കൂട്ടിക്കെട്ടിയതു്.
40 ദേവമാതാവിൻ അമലോത്ഭവപ്രഖ്യാപന സപ്തതിജൂബിലി സ്മാരകം,
ഒന്നാംഭാഗം. ടി. രണ്ടാംഭാഗം.
ടി. രണ്ടുംകൂടി കൂട്ടിക്കെട്ടിയതു്.
41 ധ്യാനം.
42 നന്മരണസഹായം, (തുകൽ ബൈൻഡ്)
43 പാന.
44 പ്രജാഗരം.
45 മാലാഖമാരുടെ വണക്കം.
46 സന്യാസവ്രതം.
47 ചാവറുൽ
48 സപ്ലൂവാനിൽ.
49 ശുദ്ധീകരാത്മാക്കളുടെ വണക്കം.

### ചരിത്രപ്പുസ്തകങ്ങൾ.

50 വി. ഓനോപ്രിയൂസിന്റെ ചരിത്രം.
51 കാറൽമാൻചരിത്രം, (രണ്ടാംഭാഗം)
52 തോമ്മാശ്ലീഹായുടെ ചരിത്രം (ഗദ്യവും പദ്യവും അടങ്ങിയതു)
53 ത്രേസ്യാ പുണ്യവതിയുടെ ചരിത്രം,
ഒന്നാം ഭാഗം. രണ്ടാം ഭാഗം.
ടി. കൂട്ടിക്കെട്ടിയതു്.
54 യാക്കോബായ ചരിത്രം.
55 ളൂയീസ് പുണ്യവാന്റെ ചരിത്രം.
56 സൂസന്നാപുണ്യവതിയുടെ ചരിത്രം

### സുറിയാനിപ്പുസ്തകങ്ങൾ.

57 റാസക്രമം.
58 ശുശ്രൂഷ.
59. കൊന്തസഭാക്രമം.
60 നമസ്കാരപ്പുസ്തകം, തിരുനാൾ പൊതുവ്. അച്ചടിച്ചതു്.
61 ഒപ്പീസ്.

### തമിഴ്പ്പുസ്തകങ്ങൾ.

62 തേവപ്പിരചയിൻ തിരുക്കതൈ,
(8 കാണ്ഡം കൂടിയതു്)

പുസ്തകവില അറിയേണമെന്നാവശ്യമുള്ളവർ, വിലവിവരമടങ്ങിയ പുസ്തക ലിസ്റ്റ് മാന്നാനം അച്ചുക്കൂടം സൂപ്രണ്ടു അവർകളോടു എഴുതിച്ചോദിച്ചാൽ കിട്ടുന്നതാണു്.